# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോഴിക്കോട്-673020**

**ഇ-മെയിൽ: dokkd.ksad@kerala.gov.in**

**ഫോൺ : 0495-2371012**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി /പി 7/1706/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 15/12/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ കെ ഡി /പി 7/1706/2021 തീയ്യതി: 15/12/2021

## കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-09-2019 മുതൽ 14-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടിഡയരക്ടർ | 15-11-2021 | 26-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ഗിരീശൻ പാറപ്പൊയിൽ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
സതീഷ്കുമാർ സി.പി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീജിത് കെ.വി,ഓഡിറ്റർ

വിജേഷ് കെ.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശൈലജ ചെറുവോട്ട് | ചെയർപേഴ്സൺ | 01-04-2020 | 20-12-2020 |
| ശ്രീ ഉണ്ണി വേങ്ങേരി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ കൃഷ്ണകുമാർ കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) |
|---|---|---|
| ശ്രീമതി ജിജിഷ പി.കെ | കൃഷി ഓഫീസർ | 01-04-2020 |
| ഡോ.അശ്വതി | വെറ്ററിനറി സർജൻ | 01-04-2020 |
| ശ്രീ.സുധീർനാഥ് കെ.സി | അസി.എഞ്ചിനീയർ | 01-04-2020 |
| ശ്രീമതി മോളി ടി ഡി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 |
| ശ്രീ.ബിനോയ്ബാലകൃഷ്ണൻ എൻ.കെ | വി.ഇ.ഒ | 01-04-2020 |
| ശ്രീമതി മഞ്ജുഷ ടി | വി.ഇ.ഒ | 01-04-2020 |
| ശ്രീ മുഹമ്മദ് നവാസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 |
| ശ്രീ.സാംഫിലിപ്പ് | എച്ച് എം | 01-04-2020 |
| ശ്രീ സുജീഷ് പി കെ | അസി.സെക്രട്ടറി | 01-04-2020 |
| ഡോ.ബിജേഷ്ഭാസ്കർ | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 01-04-2020 |
| ഡോ.ഷൈജു ഓലക്കാട് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-1 |
| 2 | പ്ലാൻഫണ്ട് -ബജറ്റ് പ്രൊവിഷൻ,സ്റ്റേറ്റ് ബജറ്റ് അലോട്ട്മെന്റ്,വാർഷിക പദ്ധതി വകയിരുത്തൽ എന്നിവ പൊരുത്തപ്പെടുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-1-1 |
| 3 | എൻ ആർ ഇ ജി എസ് - ബജറ്റ് പ്രൊവിഷനും ആക്ഷൻ പ്ലാൻ ആകെ തുകയും പൊരുത്തപ്പെടുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-1-2 |
| 4 | ബജറ്റ് വാർഷികപദ്ധതിയെ ഉൾക്കൊള്ളുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-1-3 |
| 5 | തനത് ഫണ്ട് വകയിരുത്തൽ- ബജറ്റ് പ്രൊവിഷനും വാർഷികപദ്ധതിവിഹിതവും പൊരുത്തപ്പെടുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-1-4 |
| 6 | ബജററിൽ നിന്നുള്ള വ്യതിയാനം-ബജറ്റ് പുതുക്കിയില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-1-5 |
| 7 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: SathishKumar C P (Asst. Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-2 |
| 8 | സാമ്പത്തികാവലോകനം<br>Written By: SathishKumar C P (Asst. Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-3 |
| 9 | ഫണ്ട് വിനിയോഗം<br>Written By: SathishKumar C P (Asst. Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-4 |
| 10 | പദ്ധതി പ്രവർത്തനങ്ങളിൽ വീഴ്ച<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-5 |
| 11 | അഭ്യന്തര നിയന്ത്രണം<br>Written By: SathishKumar C P (Asst. Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-6 |
| 12 | രസീത് പിരിവിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-7 |
| 13 | വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-8 |
| 14 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന ടർഫ് കളിസ്ഥലം വസ്തു നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധുത പരിശോധിച്ചില്ല.<br>Written By: Vijesh K.K (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-9 |
| 15 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് | 1-10 |

| | | |
|---|---|---|
| | ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.<br>Written By: Vijesh K.K (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | |
| 16 | പഞ്ചായത്ത് വാടക വരുമാനം ആർജിക്കുന്ന ആസ്തികൾ മുഴുവൻ ലേം ചെയ്ത് നൽകിയില്ല - പഞ്ചായത്തിന് വരുമാന നഷ്ടം.<br>Written By: Vijesh K.K (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-11 |
| 17 | മുൻ റിപ്പോർട്ടുകൾ -തീർപ്പാക്കപ്പെടുന്നില്ല-അപാകതകൾ ആവർത്തിക്കപ്പെടുന്നു<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-12 |
| 18 | കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങളുടെ വാങ്ങൽ-ആവശ്യകതാ നിർണ്ണയമില്ലാതെ<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-13 |
| 19 | വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിച്ചില്ല.<br>Written By: Vijesh K.K (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-14 |
| 20 | മദ്രസ്സ വലിയ പറമ്പ് ഭാഗം പൈപ്പ് ലൈൻ നീട്ടൽ-നിക്ഷേപ പ്രവൃത്തി-അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-15 |
| 21 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്-തുക വകയിരുത്തിയതിലും ചെലവഴിച്ചതിലും അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-16 |
| 22 | ചങ്ങരോത്ത് ജി.എൽ.പി കെട്ടിടം റിപ്പയർ പദ്ധതി-അപാകതകൾ<br>Written By: Srijith K.V (Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-17 |
| 23 | പനയുള്ള കണ്ടി ചെമ്പേരിടം റോഡ് പ്രവൃത്തി-അപാകതകൾ<br>Written By: Srijith K.V (Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-18 |
| 24 | റോഡ് നിർമ്മാണം- കോൺക്രീറ്റിംഗിന് തെറ്റായ ഇനം ഉൾപ്പെടുത്തുന്നു.<br>Written By: Srijith K.V (Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-19 |
| 25 | ഭാഗികമായി പ്രവൃത്തി ചെയ്ത കരാറുകാരന് ഫൈനൽ ബിൽ നൽകി<br>Written By: Srijith K.V (Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-20 |
| 26 | വാഴകൃഷിവികസനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-21 |
| 27 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.<br>Written By: Srijith K.V (Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-22 |
| 28 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - ഗുണഭോക്തൃലിസ്റ്റിലില്ലാത്തവർക്ക് ധനസഹായം നൽകി<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-23 |
| 29 | | 1-24 |

| | | |
|---|---|---|
| | പാലേരിപ്പള്ളി -വണ്ണാങ്കണ്ടി റോഡ്.-രേഖകൾ ലഭ്യമല്ല.<br>Written By: Srijith K.V (Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | |
| 30 | പൊതുമരാമത്ത്-അപാകതകൾ ആവർത്തിക്കുന്നു.<br>Written By: Srijith K.V (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-25 |
| 31 | മാലിന്യം കയറ്റിയയക്കൽ കൃത്യമായ കണക്കില്ല<br>Written By: SathishKumar C P (Asst. Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-26 |
| 32 | ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭാ അംഗീകാരമില്ല<br>Written By: SathishKumar C P (Asst. Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-27 |
| 33 | മരുന്ന്, ഉപകരണങ്ങൾ ലഭ്യമായില്ല<br>Written By: SathishKumar C P (Asst. Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-28 |
| 34 | MGNREGS- പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം ചെയ്യുന്നത് നിർദ്ദേശാനുസരണമല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 02-12-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - ഗുണഭോകതൃ ലിസ്റ്റിലില്ലാത്തവർക്ക് ധലസഹായം നൽകി<br>Written By: Vasudevan M (Deputy Director, On 14-12-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 4-4 |
| 5 | വായ്പ<br>Written By: SathishKumar C P (Asst. Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: SathishKumar C P (Asst. Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 4-6 |
| 7 | 4-7 ഓഡിറ്റ് റിക്കവറി<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 4-8 |

| | | |
|---|---|---|
| 9 | ചാർജ്/ സർചാർജ് നടപടി വഴി ഈടാക്കിയ തുക<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 01-12-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ

30.3.20 ന് തീരുമാനം ഒന്ന് പ്രകാരം ഭരണസമിതി അംഗീകരിച്ച ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും മുൻവർഷത്തിൽ സംഭവിച്ചതു പോലുള്ള അപാകതകൾ ഓഡിറ്റ് വർഷത്തിലും ആവർത്തിച്ചിട്ടുണ്ട്. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് ചെലവുകൾ താഴെപറയും പ്രകാരമാണ്.

| | |
|---|---|
| മുനിരിപ്പ് | 15138765 |
| വരവ് | 315981600 |
| ആകെ | 331120365 |
| ചെലവ് | 316516500 |
| നീക്കിയിരിപ്പ് | 14603865 |

### 1-1-1 പ്ലാൻഫണ്ട് -ബജറ്റ് പ്രൊവിഷൻ,സ്റ്റേറ്റ് ബജറ്റ് അലോട്ട്മെന്റ്,വാർഷിക പദ്ധതി വകയിരുത്തൽ എന്നിവ പൊരുത്തപ്പെടുന്നില്ല

ബജറ്റ് ഹെഡ്ഡ് 3202001 പ്രകാരമുള്ള വികസന ഫണ്ടിൽ പ്ലാൻഫണ്ടും മെയിന്റനൻസ് ഗ്രാന്റുമാണ് ഉൾപ്പെടുന്നത്. ഈ ഇനത്തിൽ സ്റ്റേറ്റ് ബജറ്റ് അലോട്ട്മെന്റ് ആകെ 54900000/- രൂപയാണ് ലഭ്യമായിരുന്നത് എന്നാൽ സ്ഥാപത്തിന്റെ ബജറ്റിൽ ഈ ഹെഡ്ഡിൽ റവന്യൂ ചെലവുകൾക്കുള്ള BS4 ഉം മൂലധനച്ചെലവിനുള്ള BS7 ഉം പ്രകാരം ആകെ 40671600/- രൂപ മാത്രമാണ് (24638600+16033000=40671600) വകയിരുത്തിയത്. കൂടാതെ ഇത് രണ്ടുമല്ലാത്ത തുകയാണ് ഭരണസമിതി 12.3.20 ന് അംഗീകരിച്ച ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നത്. പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റിനങ്ങളിലായി ആകെ 49813660/- രൂപയാണ് വാർഷിക പദ്ധതിയ്ക്ക് വകയിരുത്തിയത്. ലഭ്യമായ ധനസ്രോതസ്സ് പൂർണ്ണമായും ബജറ്റിൽ പരിഗണിക്കാതിരിക്കുക, വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുക ബജറ്റ് ഉൾക്കൊള്ളാതിരിക്കുക എന്നീ അപാകതകൾ ഇതുമൂലം സംഭവിച്ചിട്ടുണ്ട്.

### 1-1-2 എൻ ആർ ഇ ജി എസ് - ബജറ്റ് പ്രൊവിഷനും ആക്ഷൻ പ്ലാൻ ആകെ തുകയും പൊരുത്തപ്പെടുന്നില്ല

ബജറ്റ് ഹെഡ്ഡ് 3201001 പ്രകാരമുള്ള എൻ ആർ ഇ ജി എസ് പദ്ധതി വിഹിതമായി റവന്യൂ ചെലവുകൾക്കുള്ള BS4 ഉം മൂലധനച്ചെലവിനുള്ള BS7ഉം പ്രകാരം ആകെ 164542000/- രൂപയാണ് വകയിരുത്തിയത്. എന്നാൽ ബജറ്റ് അംഗീകരിക്കുന്നതിനും മാസങ്ങൾക്കുമുമ്പ് ഭരണസമിതി അംഗീകാരം നല്കിയ എൻ ആർ ഇ ജി എസ് ആക്ഷൻ പ്ലാൻ പ്രകാരം 163641371/- രൂപയ്ക്കുള്ള പ്രവൃത്തികൾ മാത്രമാണ് തൻവർഷം പ്ലാൻ ചെയ്തത്. കൃത്യമായ എസ്റ്റിമേറ്റ് ലഭ്യമായിരിക്കെ ബജറ്റിൽ അധികം തുക വകയിരുത്തിയത് വിശദീകരക്കപ്പെടേണ്ടതാണ്.

### 1-1-3 ബജറ്റ് വാർഷികപദ്ധതിയെ ഉൾക്കൊള്ളുന്നില്ല

കേ.പ.രാജ് ആക്ട് സെക്ഷൻ 175 പ്രകാരം തയ്യാറാക്കി ഡി പി സി അംഗീകാരം വാങ്ങുന്ന വാർഷിക പദ്ധതി നിർദ്ദേശങ്ങൾ (പ്ലാൻ പ്രൊപ്പോസൽ) കൂടി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റിൽ പരിഗണിക്കണം. ബജറ്റ് തയ്യാറാക്കുന്നിതിന് മുമ്പ് ഈ നടപടിക്രമം പൂർത്തിയാകാത്ത സന്ദർഭങ്ങളിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി, പ്ലാൻ വിഭവസ്രോതസ്സുകളുടെ സബ് സെക്ടർ അനുസരിച്ചുള്ള അലോക്കഷൻ ഒരു പ്രമേയത്തിലൂടെ തീരുമാനിച്ച് അത് ബജറ്റിൽ ഉൾപ്പെടുത്തണം (മാന്വൽ, ഖണ്ഡിക 2.2) സ്ഥാപനത്തിന്റെ കാര്യത്തിൽ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതിക്ക്, ബജറ്റ് അംഗീകരിക്കുന്നതിന് മുമ്പ് ഡി പി സി അംഗീകാരം ലഭിച്ചോയെന്ന് വ്യക്തമാക്കാൻ

സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല (ഡി പി സി അംഗീകാരത്തിന്റെ ഉത്തരവ് ഡി പി സി സ്ഥാപനത്തിന് നല്കിയിട്ടില്ല) എന്നാൽ ബജറ്റിന് മുമ്പ് വാർഷിക പദ്ധതിക്ക് ഭരണസമിതി അംഗീകാരം നല്കിയിട്ടുണ്ട്. ഇത് കൊണ്ട് തന്നെ ബജറ്റ് വാർഷിക പദ്ധതിയെ ഉൾക്കൊള്ളണം. എന്നാൽ 9.61 കോടി രൂപയുടെ വാർഷിക പദ്ധതിക്കാണ്ഭരണസമിതി അംഗീകാരം നല്കിയതെങ്കിലും, ബജറ്റിലെ വാർഷിക പദ്ധതി വകയിരുത്തൽ രേഖപ്പെടുത്തുന്ന ബജറ്റ് ഷെഡ്യൂൾ 9, 12 എന്നിവ പ്രകാരം ആകെ 6.31 കോടി രൂപ മാത്രമാണ് പദ്ധതിയ്ക്കായി വകയിരുത്തിയത്. (വാർഷിക പദ്ധതിയുടെ ഭാഗമാകാത്തതിനാൽ മേൽ ഷെഡ്യൂളുകളിലെ എൻ ആർ ഇ ജി എസ് പദ്ധതി വിഹിതം കുറച്ച തുകയാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്) അംഗീകരിച്ച വാർഷിക പദ്ധതി തുകയേക്കാൾ കുറഞ്ഞ തുക ബജറ്റിൽ വകയിരുത്തിയതിനാൽ ബജറ്റ് അംഗീകാരമില്ലാതെയാണ് ചില പദ്ധതികൾക്ക് തുക ചെലവഴിച്ചിരിക്കുന്നതെന്ന് വ്യക്തമാണ്. വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ യഥാർത്ഥ ബജറ്റ് വിഹിതത്തേക്കാൾ കുറഞ്ഞ തുകയാണ് വാർഷിക പദ്ധതിക്ക് വകയിരുത്തിയിരിക്കുന്നത് (5.89 കോടി രൂപ) എന്നാൽ അന്തിമപദ്ധതി ചെലവ് പത്രിക പ്രകരം 6.88 കോടി രൂപ പദ്ധതിയ്ക്കായി വിനിയോഗിച്ചിരിക്കയാൽ 0.91 കോടി രൂപയുടെ ചെലവ് ബജറ്റിന് പുറത്താണെന്ന് കാണാം.

## <u>1-1-4 തനത് ഫണ്ട് വകയിരുത്തൽ- ബജറ്റ് പ്രൊവിഷനും വാർഷികപദ്ധതിവിഹിതവും പൊരുത്തപ്പെടുന്നില്ല</u>

ബജറ്റ് പ്രകാരം വാർഷിക പദ്ധതിയ്ക്കായി വകയിരുത്തിയ തനത് ഫണ്ട് 55.6 ലക്ഷം രൂപയാണ്. എന്നാൽ ബജറ്റിന് മുമ്പ് അംഗീകരിച്ച വാർഷിക പദ്ധതിക്കായി 39.9 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയത്. പദ്ധതിക്കാവശ്യമുള്ളതിലും കൂടുതൽ തുക തനത് ഫണ്ടിൽ നിന്നും ബജറ്റ് പ്രകാരം വകയിരുത്തിയതായി കാണാം. വർഷാവസാനം 56.71 ലക്ഷം രൂപ വകയിരുത്തി 29.68 ലക്ഷം രൂപ ചെലവഴിച്ചപ്പോൾ പുതുക്കിയ ബജറ്റിൽ തനത് ഫണ്ട് പ്രൊവിഷൻ (-) 3805429/- രൂപയാവുകയാണ് ചെയ്തത്. അതായത് 67.77 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ചിരിക്കുന്നത് ബജറ്റ് അംഗീകാരമില്ലാതെയാണെന്ന് കാണാം.

## <u>1-1-5 ബജററിൽ നിന്നുള്ള വ്യതിയാനം-ബജറ്റ് പുതുക്കിയില്ല</u>

മുൻ റിപ്പോർട്ടിൽ പരാമർശിച്ചതു പോലെ ബജറ്റിൽ ഉൽപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയ തുകയിൽ കൂടുതലോ തുക ചെലവഴിക്കേണ്ടി വരുമ്പോൾ പുതുക്കിയതോ സപ്ലിമെന്ററിയോ ആയ ബജറ്റ് അംഗീകരിക്കണമെന്ന വ്യവസ്ഥ ഇവിടേയും പാലിക്കപ്പെട്ടിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 170 ഇൻകം ഫ്രം ഇൻവസ്ററ് മെന്റ് | 300000 | 450000 | 685610 |
| 2 | 150 സെയിൽ & ഹയർ ചാർജ്ജ് | 190000 | 136971 | 254671 |
| 3 | 171 ഇന്ററസ്റ്റ് ഫ്രം ബേങ്ക് അക്കൗണ്ട് | 350000 | 160000 | 501246 |
| 4 | ജനറൽ പർപ്പസ് ഗ്രാന്റ് | 13774426 | 16021583 | 16405477 |

ബജറ്റ് പ്രൊവിഷൻ ഇല്ലാതെ വരവ് നടത്തിയപ്പോൾ എസ്റ്റിമേറ്റ് പുതുക്കാത്തത് വിശദീകരിക്കേണ്ടതാണ്. വരവ് സംബന്ധിച്ച എസ്റ്റിമേറ്റിലെ കൃത്യതയില്ലായ്മയാണ് ഇത്

വെളിവാക്കുന്നത്.

മേല്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.വിശദീകരണം നല്കേണ്ടതും തുടർവർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ ബജറ്റ് തയ്യാറാക്കി പകർപ്പ് പരിശോധനയ്ക്ക് നല്കേണ്ടതുമാണ്

## 1-2 വാർഷിക കണക്കിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
2. Sale Of Tender Forms ഇനത്തിൽ (RP-5) തൻവർഷം 118,688/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
3. മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ, ലൈസൻസ് ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
4. വാടക രജിസ്റ്റർ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല..
5. ബാലൻസ്ഷീറ്റിലെ ബി-14 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
5. വാർഷികകണക്ക് B-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് 72,097/- രൂപ ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല.
6. ബി -11 ഷെഡ്യൂൾ പ്രകാരം ആസ്തികൾക്ക് ഡിപ്രീസ്യേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
7. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ബി.3) എന്നത് Fixed Assets (B-11) ന്റേയും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (B-11(A)) യുടേയും ആകെ തുക ആയിരിക്കണം. എന്നാൽ സ്ഥാപനത്തിന്റെ എ.എഫ്.എസ് പരിശോധിച്ചതിൽ ഇവ തമ്മിൽ 620,755/ രൂപയുടെ വ്യത്യാസം കാണുന്നു.
8. വാർഷിക കണക്ക് I-4 ഷെഡ്യൂൾ പ്രകാരം D&O ലൈസൻസ് ഫീ ഇനത്തിൽ 72,097/- രൂപയാണ് വരവ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം കളക്ഷൻ 226,200/- രൂപയാണ്.
9. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ബാലൻസ് 390,142/- രൂപയാണ് എന്നാൽ വാർഷിക കണക്കിലെ B7 പ്രകാരം ഡിമാന്റ് 389,142/- രൂപയാണ് ബാലൻസ്. വാർഷികകണക്കും, ഡെപ്പോസിറ്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.
10. പ്രോപ്പർട്ടി ടാക്സ് അഡ്വാൻസ് കലക്ഷൻ ഡിമാന്റ് രജിസ്റ്റർ പ്രകാരം 16,604/- രൂപയാണ് എന്നാൽ വാർഷിക കണക്കിലെ RP36 പ്രകാരം വരവ് 16,273/- രൂപയാണ്.
11. 2020-21 വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-43 പ്രകാരം വസ്തുനികുതി ഇനത്തിൽ 168,917/-രൂപ കളക്ഷൻ ഉണ്ട്. 2019-20 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക 175,970/- രൂപയാണ്. ഇതിൽ നിന്നും കുടിശ്ശിക കളക്ഷൻ കിഴിച്ചുള്ള 7053/-രൂപ ബാലൻസ് ഷീറ്റ് ബി-15ൽ കാണിച്ചിട്ടില്ല.

## 1-3 സാമ്പത്തികാവലോകനം

| | |
|---|---|
| മുന്നിരിപ്പ് | 21604903 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 96452736 |
| ആകെ | 118057639 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 92686091 |
| നീക്കിയിരിപ്പ് | 25371548 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 18435829 | 18435829 | 21389388 | 394135 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 7314811 | 7314811 | 7625250 | 76541 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 457000 | 457000 | 457000 | 0 |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | - | 8507000 | 8507000 | 8267858 | 239142 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 5624530 | 5624530 | 55934441 | 31089 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 14632367 | 14632367 | 15788862 | 2045129 |
| ദുരിതാശ്വാസനിധി | 4225 | 175 | 4400 | | 4400 |
| ഐ.സി.ഡി.എസ് | 1482523 | 1354778 | 2837301 | 900000 | 1937301 |
| എം.പി ഫണ്ട് | 23620 | 648 | 24268 | 0 | 24268 |

**I ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകത**

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ

പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് (നോൺ-റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 91851526 | 24417921 |
| വികസനഫണ്ട് (എസ്.സി.പി) | 36671980 | 8839980 |
| വികസനഫണ്ട് (ടി.എസ്.പി) | 842300 | 595000 |
| മെയിന്റനൻസ് (നോൺ-റോഡ്) | 8527110 | 8088755 |

## 1-5 പദ്ധതി പ്രവർത്തനങ്ങളിൽ വീഴ്ച

പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് എന്നീ മേഖലകളിൽ 2018-19, 2019-20 വർഷങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട നിരവധി പ്രശ്നങ്ങൾ ഓഡിറ്റ് വർഷത്തിലും നിലനില്ക്കുന്നുണ്ട്. തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകൾ സമഗ്രവും കാലികവും പൂർണ്ണവുമല്ല.

എ) ഇതിന്റെ അഭാവത്തിൽ ആവശ്യകതയും മുൻഗണനയും നിശ്ചയിക്കാതെ പ്രോജക്ടുകൾ തെരെഞ്ഞെടുക്കപ്പെടുന്നു

ബി) മേല്പറഞ്ഞവയുടെ ഫലമായി പദ്ധതികളുടെ ആധിക്യമുണ്ടാകുന്നു

സി) പദ്ധതികളുടെ ആധിക്യവും ആസൂത്രണമില്ലായ്മയും സൃഷ്ടിക്കുന്ന പ്രതിബന്ധങ്ങൾ മൂലം സർക്കാർ ഗ്രാന്റുകൾ നഷ്ടപ്പെടുന്നു

ഡി) നിർവ്വഹണം മോണിറ്റർ ചെയ്യപ്പെടുകയോ പ്രൊജക്ടുകളുടെ ഫലപ്രാപ്തി നിരീക്ഷിക്കപ്പെടുകയോ ചെയ്യുന്നില്ല.

മേല്പറഞ്ഞവ കൂടാതെ, 2019-20 വർഷത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ പറയുന്ന ഗുരുതരമായ വീഴ്ചകളും ഓഡിറ്റ് വർഷത്തിൽ സംഭവിച്ചിട്ടുണ്ട്.

### എ) ഗ്രാന്റ് വിനിയോഗം കുറഞ്ഞു-82.08ലക്ഷം രൂപ നഷ്ടപ്പെട്ടു.

257 പ്രോജക്ടുകൾക്കായുള്ള 12.87 കോടി രൂപയുടെ വാർഷിക അടങ്കലിൽ നിന്നും 6.88 കോടി രൂപ മാത്രമാണ് വാർഷിക പദ്ധതിക്കായി വിനിയോഗിച്ചിട്ടുള്ളത്. പ്രധാന സർക്കാർ ഗ്രാന്റിനങ്ങളിലെല്ലാം ലഭ്യമായ അലോട്ട്മെന്റിനേക്കാൾ കൂടുതൽ തുക വിനിയോഗിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞു. 2019-20 വർഷത്തെ ക്യൂ ബിൽ ഉൾപ്പടെയുള്ള സ്പിൽ ഓവർ ബാധ്യത തീർക്കാൻ അതേ വർഷത്തെ അലോട്ട്മെന്റിന്റെ 20% അധിക വകയിരുത്തൽ നടത്താമെന്നതിനാലാണ് ഇത് സാധ്യമായത്. എന്നാൽ മെയിന്റനൻസ് ഫണ്ടിനത്തിൽ തൻവർഷത്തെ അലോട്ട്മെന്റ് തുക പോലും വിനിയോഗിക്കാനായില്ല. ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | ചെലവ് | അധികം വിനിയോഗിച്ച/ നഷ്ടപ്പെട്ട തുക |
|---|---|---|---|

| | | | |
|---|---|---|---|
| പ്ലാൻ ജനറൽ | 19585000 | 21389388 | +1804388 |
| Scp | 6778000 | 7625250 | +847250 |
| Tsp | 457000 | 457000 | 0 |
| Cfc | 13891000 | 15788862 | +1897862 |
| മെയിന്റനൻസ് റോഡിതരം | 5682000 | 5593441 | -88559 |
| മെയിന്റനൻസ് റോഡ് | 8507000 | 8267858 | -239142 |
| ആകെ | 54900000 | 59121799 | |

2019-20 വർഷത്തിൽ താഴെ കൊടുത്ത പ്രകാരം 1.24 കോടി രൂപയുടെ ക്യൂബിൽ സ്ഥാപനത്തിനുണ്ടായിരുന്നു. ഇത്രയും തുക ആകെ ചെലവിൽ നിന്നും കുറയ്ക്കുമ്പോൾ ഓഡിറ്റ് വർഷത്തെ അലോട്ട്മെന്റിൽ നിന്നുള്ള യഥാർത്ഥ ചെലവ് 46691584/- (59121799-12430215) രൂപ മാത്രമാണെന്ന് കാണാം. അതായത് തൻവർഷത്തെ അലോട്ട്മെന്റിൽ നിന്നും 8208416/- നഷ്ടപ്പെട്ടു. (54900000-46691584)

| ഫണ്ടിനം | ക്യൂ ബിൽ തുക |
|---|---|
| പ്ലാൻ ജനറൽ | 595021 |
| Scp | 423818 |
| Tsp | 137738 |
| Cfc | 5290988 |
| മെയിന്റനൻസ് റോഡിതരം | 2425353 |
| മെയിന്റനൻസ് റോഡ് | 3557297 |
| ആകെ | 12430215 |

തൻവർഷത്തെ അലോട്ട്മെന്റ് മുഴുവൻ വിനിയോഗിച്ചിരുന്നെങ്കിൽ , ഇത്രയും തുക അധിക അലോട്ട്മെന്റായി സ്ഥാപനത്തിന് ലഭിക്കുമായിരുന്നു. അതുകൊണ്ട് തന്നെ 8208416/-രൂപ നഷ്ടപ്പെട്ടതായി പരിഗണിക്കാം. മുൻവർഷത്തെ പോലെ കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ മറ്റുള്ളവ എന്നീ ഹെഡ്ഡുകളിൽ വകയിരുത്തലിനെ അപേക്ഷിച്ച് ചെലവ് വളരെ കുറഞ്ഞതും മൊത്തം ചെലവ് ശതമാനം കുറയാൻ കാരണമായിട്ടുണ്ട്.

**<u>ബി) വികസന സെമിനാറിൽ അവതരിപ്പാക്കാത്ത പദ്ധതികൾ വാർഷിക പദ്ധതിയിൽ പെടുത്തി.</u>**

വികസനസെമിനാറിൽ അവതരിപ്പിക്കപ്പെടുന്ന പദ്ധതി നിർദ്ദേശങ്ങളല്ലാതെ മറ്റ് പ്രോജക്ടുകളൊന്നും അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാൻ പാടില്ലെന്ന് കേരള പഞ്ചായത്ത് രാജ് ആക്ട്, പദ്ധതി ആസൂത്രണമാർഗ്ഗരേഖ എന്നിവയിൽ പ്രതിപാദിക്കുന്ന ആസൂത്രണ രീതിശാസ്ത്രം വ്യക്തമാക്കുന്നുണ്ട്. ഇതിന് വിപരീതമായി പദ്ധതികൾ ഉൾപ്പെട്ടെങ്കിൽ അവ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ലെന്നും അതുകൊണ്ട് തന്നെ നിയമപ്രകാരമുള്ളവയെല്ലെന്നും കാണാവുന്നതാണ്. (2019-20 വർഷത്തെ റിപ്പോർട്ടിൽ ഇത് വിശദമായി പ്രതിപാദിച്ചത് കാണുക) (കോവിഡ് പശ്ചാത്തലത്തിൽ, തുടർന്ന് വരുന്ന ഗ്രാമസഭയിൽ അവതരിപ്പിച്ചാൽ മതിയെന്ന കാര്യം ഉൾക്കൊള്ളുന്നു) കൂടാതെ ഇത്തരം

പദ്ധതികൾ ആവശ്യകത തിരിച്ചറിയപ്പെടാത്തവയും, മുൻഗണനാക്രമം തെറ്റിക്കുന്നവയുമാണെന്ന് വ്യക്തമാണ്.

സ്ഥാപനത്തിലെ ഓഡിറ്റ് വർഷത്തെ അന്തിമപദ്ധതി ചെലവ് പത്രിക പരിശോധിച്ചതിൽ, മുൻവർഷത്തെപ്പോലെ തന്നെ, എല്ലാ പ്രോജക്ടുകളും വികസന സെമിനാറിൽ അവതരിപ്പിച്ച കരട് പദ്ധതി നിർദ്ദേശങ്ങളിൽ പെട്ടവയല്ലെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

| ക്രമനം | പദ്ധതി | | | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| | നം | പേര് | നിർവ്വഹണം | | |
| 1 | 89 | കണിയാംകണ്ടി കോളനി റോഡ് | | 300000 | 299633 |
| 2 | 90 | കൊളോറത്ത് താഴ കൽവർട്ട് നിർമ്മാണം | | 400000 | 385832 |
| 3 | 92 | സൂപ്പിക്കട പള്ളിറോഡ് | | 200000 | 199455 |
| 4 | 95 | മഹിമ ഏരം തോട്ടംറോഡ് റീടാറിംഗ് | | 400000 | 0 |
| 5 | 106 | കോട്ടക്കുന്നുമ്മൽ താഴ കട്ടക്കാംകുഴി റോഡ് | | 300000 | 299745 |
| 6 | 111 | പനയുള്ളകണ്ടി ആയോളികുന്ന് റോഡ്സൈഡ് കോൺക്രീറ്റ് | | 50000 | 49803 |
| 7 | 114 | കുനിയോട് ജി എൽ പി സ്കൂൾ വയറിംഗ് | | 160000 | 0 |
| 8 | 137 | പീറ്റക്കണ്ടി മുക്ക് പിലാച്ചേരി റോഡ് | | 400000 | 399152 |
| 9 | 271 | കിഴക്കയിൽ കുടിവെള്ള പദ്ധതി പുനരുദ്ധാരണം | | 250000 | 169490 |
| 10 | 272 | കൃഷിഓഫീസ് മുകൾ നില പൂർത്തീകരണം | | 327000 | 0 |
| 11 | 275മുതൽ 283വരെയുള്ള വിവിധ ആസ്തികളുടെ | | | | |

| | | | | |
|---|---|---|---|---|
| | റിപ്പയർ/നിർമ്മാണ പ്രവൃത്തികൾ | | | |

കേരള പഞ്ചായത്ത്‌രാജ് ആക്ടിനും ആസൂത്രണമാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി മേൽ പ്രോജക്ടുകൾക്ക് തുക വകയിരുത്തിയതും ചെലവഴിച്ചതും വിശദീകരിക്കപ്പെടേണ്ടതാണ്.

**<u>സി) റോഡ് മെയിന്റനൻസ് പ്ലാനില്ല-റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല</u>**

ഓഡിറ്റ് വർഷത്തിൽ 32 റോഡുകൾക്ക് റോഡ് മെയിന്റനൻസ് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഇതിൽ 15 എണ്ണം പുതിയ പ്രോജക്ടുകളാണ്. കൂടാതെ മുൻ വർഷത്തെപ്പോലെ മറ്റ് റോഡുകളും വിവിധ ഫണ്ടുകളുപയോഗിച്ച് മെയിന്റനൻസ് നടത്തുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ 29.1.2018ലെ 11/2018/തസ്വഭവ നമ്പർ ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കിയതാണ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാരമല്ലാതെ മറ്റ് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരെഞ്ഞെടുക്കുന്നത്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാതിരിക്കാനുള്ള സാധ്യത വെളിവാക്കുന്നു.

വ്യക്തമായ ഒരു മെയ്റ്റനൻസ് പ്ലാൻ ഇല്ലാത്ത സ്ഥാപനത്തിൽ റോഡുകളുടെ തെരെഞ്ഞെടുപ്പിന് ചില മാനദണ്ഡങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ മാനദണ്ഡങ്ങൾ പ്രകാരമുള്ള റോഡുകളുടെ മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് ഈ മാനദണ്ഡങ്ങൾ പോലും പാലിക്കാതെ മറ്റ് വിധത്തിൽ റോഡുകൾ തെരെഞ്ഞെടുക്കുന്നതിന് കാരണമാകാം.

ആസൂത്രണത്തിലും നിർവ്വഹണത്തിലുമുണ്ടായ അപാകതകൾക്ക് വിശദീകരണം

**<u>1-6 അഭ്യന്തര നിയന്ത്രണം</u>**

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ നിന്നും ബോധ്യപ്പെടുന്നു. കണക്കു സൂക്ഷിപ്പ്, വരുമാനം കണക്കാക്കലും പിരിച്ചെടുക്കലും, ചെലവുകൾ വഹിക്കുന്ന രീതി, പ്രവർത്തനങ്ങളുടെ സ്ഥാപന തല വിലയിരുത്തൽ എന്നീ തലങ്ങളിൽ പോരായ്മകൾ നിലനില്ക്കുന്നുണ്ട്. വിവിധ ജീവനക്കാരുടെ ഉത്തരവാദിത്തങ്ങളും അധികാരങ്ങളും വിഭജിച്ച് നല്കുന്ന വിശദമായതോ അല്ലാത്തതോ ആയ ഒരു ഓഫീസ് ഉത്തരവ് കാലികമായി സ്ഥാപനത്തിൽ ഇല്ല. ഔട്ട് ഡോർ കളക്ഷൻ നടത്തിവരുന്ന ജീവനക്കാരുടെ രശീതി പിരിവ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ട ഉത്തരവാദിത്വം ഓഫീസ് മാനേജ്മെന്റ് മാന്വൽ പ്രകാരം ജൂനിയർ സൂപ്രണ്ട്/ ഹെഡ് ക്ലാർക്കിന്റേതാണ്. എന്നാൽ നിലവിൽ ഈ ഉത്തരവാദിത്വം സീനിയർ ക്ലാർക്ക് ഉൾപ്പെടെയുള്ളവരാണ് നിർവ്വഹിക്കുന്നത്. കൂടാതെ ചില ദിവസങ്ങളിൽ പരിശോധനപോലും നടത്തുന്നില്ല. പ്രസിഡന്റ് സാക്ഷ്യപ്പെടുത്താതെ യാതൊരു ചെലവും സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നും വഹിക്കാൻ പാടില്ല. പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള എല്ലാ ചെലവു വൗച്ചറുകളും പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തി അധികൃതപ്പെടുത്തുന്നില്ല. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല.

2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-2ൽ അഭ്യന്തര നിയന്ത്രണത്തിന്റെ പോരായ്മകൾ വിശദമായി പറയുന്നുണ്ട്. അതിൽ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-7 രസീത് പിരിവിലെ അപാകതകൾ

പഞ്ചായത്തിലെ 2019-20, 2020-21 വർഷങ്ങളിലെ രസീത് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 39672 നമ്പർ ഔട്ട് ഡോർ രസീറ്റ് ബുക്കിലെ രസീത് നമ്പർ 23 മുതൽ 33 വരെ തീയത് രേഖപ്പെടുത്താതെയാണ് എഴുതിയിരിക്കുന്നത്. കലക്ഷൻ രജിസ്റ്ററിൽ 13-11-19 എന്ന് തീയതി രേഖപ്പെടുത്തിയതായി കാണുന്നു. വെറ്റിനറി സർജന് അനുവദിച്ച രസീറ്റ് ബുക്ക് നം 8725ലെ രസീറ്റ് നം 40 മുതൽ 43 വരെ തീയതി രേഖപ്പെടുത്തിയിട്ടില്ല.
2. ഡബിൾസൈഡ് കാർബൺ ഇല്ലാതെ രസീറ്റ് എഴുതി നൽകി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| രസീത് ബുക്ക് നം | രസീറ്റ് നം |
|---|---|
| 8735 | 86 To 100 |
| 8743 | 1 To 75, 86,87 |
| 8750 | 65 To 100 |
| 8734 | 1 To 45 |
| 8742 | 1 To 58 |
| 8732 | 1 To 14 |
| 39669 | 1 To 35 & 69 To 100 |

3. ചുവടെ കൊടുത്ത ഉപയോഗിക്കാത്ത രസീറ്റുകളും ക്യാൻസൽ ചെയ്ത രസീറ്റുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയില്ല.

| രസീത് ബുക്ക് നം | രസീറ്റ് നം |
|---|---|
| 39675 | 75,76 |
| 39686 | 90,97 To 100 |
| 8746 | 31 To 100 |
| 8726 | 36,68 , 75 To 100 |
| 8724 | 9,13 |
| 8731 | 22 To 100 |
| 39687 | 31 |
| 39689 | 4 |
| 9501 | 7 |
| 39662 | 31 To 100 |

4. വി.ഇ.ഒ യ്ക്ക് അനുവദിച്ച 8741 നമ്പർ രസീറ്റ് ബുക്കിൽ 1 മുതൽ99 വരെയുള്ള രസീറ്റുകളുടെ ഒറിജിനൽ രസീറ്റാണ് മുറിച്ചു നൽകിയത്.

ഔട്ട് ഡോർ രസീറ്റ് വരവ്, അവയുടെ ഒടുക്ക് എന്നിവ പരിശോധനാ ചുമതലയുള്ളവർ പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല. ഔട്ട് ഡോർ കലക്ഷൻ രജിസ്റ്ററിലെ പിരിവ് കൃത്യത പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് ഓഫീസ് ഉത്തരവ് എ1-11/2020 തീ. 13-04-2020 പ്രകാരം ഔട്ട് ഡോർ കലക്ഷൻ ക്യാഷ്യർ പരിശോധിച്ച് ഔട്ട് ഡോർ കലക്ഷൻ രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതും ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ ഇത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ് എന്ന് പറയുന്നുണ്ട്. എന്നാൽ ഔട്ട് ഡോർ കലക്ഷൻ രസീറ്റും രജിസ്റ്ററും മേൽ ഉത്തരവ് പ്രകാരം ചുമതലപ്പെട്ടവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഇത് അപാകതയ്ക്ക്

പ്രധാന കാരണമായി. കൂടാതെ രസീറ്റിൽ തീയതി രേഖപ്പെടുത്താതിരിക്കുന്നതും ഡബിൾസൈഡഡ് കാർബണില്ലാതെ രസീറ്റ് എഴുതുന്നതും കേരള ഫിനാൻഷ്യൽ കോഡ് വ്യവസ്ഥകളുടെ ഗുരുതര ലംഘനമാണ്. കലക്ഷൻ തുക ദുരുപയോഗം ചെയ്യുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (01/21 Dtd 18-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കുന്നതിനായി മേൽ പരാമർശിച്ച ഓഫീസ് ഉത്തരവ് പ്രകാരം സൂപ്പർവിഷൻ ചുമതല നിർദ്ദേശിക്കപ്പെട്ടവർ ഔട്ട് ഡോർ പിരിവ് കൃത്യത രസീറ്റ് ബുക്കും കലക്ഷൻ രജിസ്റ്ററുമായി ഒത്തുനോക്കി ഓരോ ദിവസവും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-8 വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ

ന്യൂ ബിൽഡിഗ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിലെ 2020-21 വർഷം വസ്തു നികുതി കണക്കാക്കിയതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ഇബ്രാഹിം കുട്ടി, മുരിക്കും തോട്ടത്തിൽ, പന്തിരിക്കര എന്നവരുടെ ഉടമസ്ഥതയിലുള്ള ബി.1- 34/2021 തീ. 01-01–2021 നമ്പർ പ്രകാരമുള്ള കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരവും അസി. എഞ്ചിനിയറുടെ സ്ഥല പരിശോധനാ റിപ്പോർട്ട് പ്രകാരവും കെട്ടിടത്തിന് ആകെ 405.4 ച.മീറ്റർ വിസ്തീർണ്ണത്തിൽ നിർമ്മാണം നടന്നതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിന് 08/60 A മുതൽ O വരെ കെട്ടിട നമ്പറും നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയ പരിശോധിച്ചതിൽ നിന്നും കെട്ടിടത്തിന് മേൽ നമ്പറുകളിലായി ആകെ 274.43 ച.മീറ്റർ മാത്രമാണ് നികുതി കണക്കാക്കുന്നതിനായി എടുത്തിട്ടുള്ളൂ. കെട്ടിടം പ്രാഥമിക മേഖലയിലും 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുമാണ്.

2) മേൽ പരാമർശിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതും കെട്ടിടം ക്രമവത്കരിക്കുകയോ പൊളിച്ച് മാറ്റുകയോ ചെയ്യുംവരെ കേരള പഞ്ചായത്ത് രാജ് നിയമം 235 എ.എ പ്രകാരം നമ്പർ നൽകി തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ശ്രീ.അൻസൽ.എ.കെ, എ.കെ മൻസിൽ, പാലേരി എന്നവരുടെ ഉടമസ്ഥതയിൽ ബിൽഡിഗ് പെർമിറ്റ് നമ്പർ B2-14/21-13 തീ. 26-03-2-13 പ്രകാരം 01/790 G മുതൽ M വരെ നമ്പർ കെട്ടിടങ്ങൾക്ക് നമ്പർ ഇട്ടതായി കാണുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും കെട്ടിടത്തിന് 31-10-2016 ലാണ് സെക്രട്ടറി കെട്ടിട നമ്പർ നൽകിയതായി കാണുന്നത്. ഇത് പ്രകാരം 2015 ഒന്നാം അർദ്ധവർഷം മുതൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിവരുന്നു. ഇത് എങ്ങിനെയാണ് 2020-21 ന്യൂ ബിൽഡിഗ് രജിസ്റ്ററിൽ വന്നത് എന്ന് വ്യതമാക്കിയിട്ടില്ല. കൂടാതെ സഞ്ജയ പ്രകാരം കെട്ടിടത്തിന്റെ നികുതി കണക്കാക്കിയത് പരിശോധിച്ചതിൽ നിന്നും 1/790 G, H, J, K എന്നീ കെട്ടിടങ്ങൾ വാണിജ്യ കെട്ടിടമായാണ് നമ്പർ നൽകിയിരിക്കുന്നത്. ഇത് 204.35 ച.മീറ്റർ ഉണ്ട്. എന്നാൽ കെട്ടിടത്തിനെ 100 ച.മീറ്ററിൽ കുറവുള്ള കെട്ടിടത്തിന്റെ നികുതി നിരക്കാണ് കൊടുത്തിരിക്കുന്നത്. കൂടാതെ കെട്ടിടത്തിന്റെ താഴെ ഭാഗത്തിന് 2014 ഒന്നാം അർദ്ധവർഷം മുതൽ 1/790 A മുതൽ F വരെ നികുതി കണക്കാക്കി ഈടാക്കിവരുന്നുണ്ട്. ഈ ഭാഗത്തിന് 333 ച.മീറ്റർ വിസ്തീർണ്ണമുണ്ട്. എന്നാൽ ഈ കെട്ടിട ഭാഗത്തിനും 100 ച.മീറ്ററിൽ കുറവുള്ള കെട്ടിടത്തിന്റെ നികുതി നിരക്കാണ് കൊടുത്തിരിക്കുന്നത്.

പഞ്ചായത്തിൽ വസ്തു നികുതി കണക്കാക്കുന്നതിലെ മേൽനോട്ട ചുമതല നിർവ്വഹണത്തിലെ അപാകതയാണ് മേൽ നികുതി നഷ്ടത്തിന് ഇടയാക്കിയിരിക്കുന്നത്. വാർഡ് ക്ലാർക്ക് നികുതി കണക്കാക്കി നൽകുന്നത് നേരിട്ട് സെക്രട്ടറി അംഗീകരിച്ച് വരികയാണ് ചെയ്യുന്നത്. ഓഫീസ് ഉത്തരവ് പ്രകാരം സെക്ഷൻ ക്ലാർക്കോ ഹെഡ് ക്ലാർക്കോ സെക്രട്ടറിയോ കൃത്യമായ പരിശോധന നടത്താതെ ഇപ്രകാരം നികുതി നഷ്ടം സംഭവിക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. ഈ നികുതി നഷ്ടം തൻവർഷത്തിൽ മാത്രമായി പഞ്ചായത്തിന് നഷ്ടപ്പെടുന്ന ഒന്നല്ല. ഇത് പിന്നീട് റക്റ്റിഫൈ ചെയ്യുന്നതിന് പഞ്ചായത്തിൽ പരിശോധനകൾ നടക്കുകയില്ല. കെട്ടിടത്തിൽ ഘടനാപരമായി മാറ്റം വരുത്തി നികുതി പരിഷ്കരിക്കുമ്പോൾ മാത്രമേ ഇത്തരം നികുതി നഷ്ടം സംഭവിച്ചത് കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ. അല്ലാത്ത പക്ഷം ഓരോ വർഷവും പഞ്ചായത്തിന് മേൽ നികുതി

നഷ്ടപ്പെട്ടുകൊണ്ടേയിക്കുകയാണ് ചെയ്യുക. നികുതി പരിഷ്കരണത്തിനായി കെട്ടിടം പരിഗണിക്കുമ്പോൾ പോലും നിലവിലെ വസ്തുനികുതിയിൽ മാത്രമാണ് നിശ്ചിത വർദ്ധന വരുത്തുന്നത്. അവിടെയും കെട്ടിടത്തിന്റെ അളവിലെ കുറവ് മൂലമോ നികുതി കണക്കാക്കാനെടുത്ത വസ്തുനികുതി നിരക്കിലെ കുറവ് മൂലമോ ഉണ്ടാവുന്ന നഷ്ടം പരിശോധിക്കപ്പെടുകയില്ല. അതിനാൽ പുതുതായി നമ്പർ നൽകുന്ന കെട്ടിടങ്ങളുടെ നികുതി പഞ്ചായത്ത് അംഗീകരിച്ച നിരക്കിൽ കുറവ് വരാതെ മുഴുവൻ ഏരിയയ്ക്കും ചുമത്തുന്നുണ്ട് എന്ന് സെക്ഷൻ ക്ലാർക്ക്, ഹെഡ്ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഇതിൽ മേൽനോട്ട ചുമതലയുള്ള പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കർശനമായ നിർദ്ദേശം നൽകേണ്ടതാണ്. അപാകതയ്ക്ക് വിശദികരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/20-21 Dtd 25-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി നഷ്ടം കണക്കാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ നിലവിലെ വസ്തുനികുതി പരിഷ്കരണത്തിന് ശേഷം കെട്ടിട നമ്പർ നൽകിയതും മേൽ പരാമർശിച്ച അപാകതകൾ വരാൻ സാധ്യതയുള്ളതുമായ തരം വലുതും താമസാവശ്യത്തിനല്ലാത്തതുമായ കെട്ടിടങ്ങളെ വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് എടുത്ത് പരിശോധിക്കാവുന്നതും നികുതി നഷ്ം ഉള്ളവ കണ്ടെത്തി ഈടാക്കുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടത്താവുന്നതുമാണ്.

**<u>1-9 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന ടർഫ് കളിസ്ഥലം വസ്തു നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിച്ചില്ല.</u>**

അബ്ദുൾലത്തീഫ്, റഷീദ, ഹസീന പിലാച്ചേരി എന്നിവരുടെ കെട്ടിടത്തിന്റെ നമ്പറിങ്ങിനായി തന്ന അപേക്ഷ ( തപാൽ നം 5935/20 Dtd 21-12-20) 30ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ഒഫീസ് ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ നിരക്കിൽ നികുതി കണക്കാക്കി '12/14V' എന്ന് കെട്ടിട നമ്പർ നൽകി 2020-21 ഒന്നാം അർദ്ധ വർഷം മുതൽ ഈടാക്കി വരുന്നുണ്ട്. മേൽ കെട്ടിടത്തിന്റെ നമ്പറിങ്ങിനായി തന്ന ഫയലിന്റെ നോട്ട് ഫയലിൽ ഈ കെട്ടിടം ടർഫ് കളിസ്ഥലത്തിന്റെ അനുബന്ധ കെട്ടിടമായാണ് പ്രവർത്തിക്കുന്നത് എന്ന് വാർഡ് ക്ലാർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് സാധൂകരിക്കുന്നതായി സെക്രട്ടറിയുടെ 22/09/2020 ലെ റിപ്പോർട്ടിൽ നിന്നും വ്യക്തവുമാണ്. കടിയങ്ങാട് പാലത്തിന് സമീപം ചെറുപുഴയ്ക്ക് സമീപത്തായി സ്ഥിതി ചെയ്യുന്ന 14.85 ആർ സ്ഥലം മേൽ കളിസ്ഥലത്തിനായി ലാന്റ് ഡവലപ്മെന്റ് പെർമിറ്റ് (ബി.എൽ.നം 989/20 തീ.11-02-2020) എടുത്ത് 2079 M3 മണ്ണ് ഇട്ട് ഡവലപ് ചെയ്തിട്ടുണ്ട്. സെക്രട്ടറിയുടെ 22-09-2020ലെ റിപ്പോർട്ട് പ്രകാരം കളിസ്ഥലം നിർമ്മിച്ചത് റഗുലറൈസ് ചെയ്തു കൊടുക്കുന്നതിന് നിയമപ്രകാരം തടസ്സമില്ല എന്ന് റിപ്പോർട്ട് ചെയ്യുകയും 28-12-2020 ൽ ടർഫ് കളിസ്ഥലത്തിന്റെ ഓഫീസ് കെട്ടിടത്തിന് നമ്പർ നൽകുകയും ചെയ്തു. എന്നാൽ മേൽ കെട്ടിടത്തോട് അനുബന്ധമായി നിർമ്മിച്ചതായി സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്ന ടർഫ് കളിസ്ഥലം നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ നിന്നും പെർമിറ്റ് നൽകുകയോ നമ്പർ നൽകുകയോ ചെയ്തിട്ടില്ല. 2020-21 മുതൽ ടർഫ് പ്രവർത്തിക്കുന്നതായി ഓഡിറ്റ് എൻക്വയറി 3 ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.

ടർഫ് കളിസ്ഥലം തറ നിർമ്മിതിയും ചുറ്റും ഉണകൾ നൽകി മറച്ചതുമായ നിർമ്മിതിയാണ്. ഇത് കേരള പഞ്ചായത്ത് ബിൽഡിഗ് റൂൾ- ചാപ്റ്റർ-1, ഡെഫിനിഷൻ 2ൽ J, N എന്നിവ പ്രകാരവും ചാപ്റ്റർ 4- ഒക്യുപ്പൻസി -25(E) എന്നിവ പ്രകാരവും ഗ്രൂപ്പ് D യിൽ ഉൾപ്പെടുത്താമെന്നിരിക്കെ കെട്ടിട നിർമ്മാണം നടന്നതായും ടർഫ് കളിസ്ഥലം പ്രവർത്തിച്ചുവരുന്നതായും പരിശോധനയിൽ കണ്ടെത്തിയിട്ടും ഇതിന് പെർമിറ്റ് എടുക്കുന്നതിന് പഞ്ചായത്ത് ആവശ്യപ്പെടുകയോ നിർമ്മാണം പൂർത്തിയായപ്പോൾ ക്രമവൽക്കരണം നടത്തി ഡിമാന്റ് ചെയ്ത് നികുതി പരിധിയിൽ കൊണ്ടുവരികയോ ചെയ്യേണ്ട ഉത്തരവാദിത്തം പഞ്ചായതത്ത് ചെയ്തിട്ടില്ല. മേൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി 14.85 ആർസ് സ്ഥലം ഡവലപ്മെന്റ് ചെയ്തെങ്കിലും എത്ര ഏരിയയിലാണ് ടർഫ് നിർമ്മിച്ചിരിക്കുന്നത് എന്ന് വ്യക്തമല്ല. കൂടാതെ മണിക്കൂറിന് വലിയ ഫീ ഈടാക്കി പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനവും ഉടമയും

തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടുമില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/20-21 Dtd 25-10-21) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച അപാകത അടിയന്തിരമായി പരിഹരിക്കേണ്ടതും കെട്ടിടം ക്രമവൽക്കരിക്കുകയോ പൊളിച്ച് മാറ്റുകയോ ചെയ്യും വരെ കേരള പഞ്ചായത്ത് രാജ് നിയമം 235 എ.എ പ്രകാരം നമ്പർ നൽകി തുടർ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ മറ്റ് ടർഫ് കളിസ്ഥലങ്ങൾ ഉണ്ടെങ്കിൽ അവയ്ക്കും മേൽ പരമർശിച്ച നടപടികൾ സ്വീകരിക്കേണ്ടതും വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**<u>1-10 തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.</u>**

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിയിൽ നിന്നും ഒഴിഞ്ഞു പോകാതിരിക്കുന്നതിനായി 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-4 ൽ വിശദമായി പരാമർശിച്ചിട്ടും ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് 2019-20വർഷം തയ്യാറാക്കിയിട്ടുണ്ട്. ഇത് പ്രകാരം 629 സ്ഥാപനങ്ങൾ 2019-20 വർഷം ലൈസൻസ് എടുക്കുകയും മുഴുവൻ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ 2020-21 വർഷം ആകെ 522 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിരിക്കുന്നത്. ഇതിൽ ആകെ 450 സ്ഥാപനങ്ങളിൽ നിന്നുമാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളു. 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച കെട്ടിട ഉടമകളെ നികുതി പരിധിയിൽ കൊണ്ടുവന്നിട്ടില്ല. പഞ്ചായത്ത് ലൈസൻസ് നൽകിയ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചു. കൂടാതെ പഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകൾ സൂപ്പർവിഷൻ നടത്തിയ എൽ.ബി.എസ്സുമാർ, മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എം.ജി.എൻ ആർ.ഇ.ജി.എ യുടെ പ്രവർത്തികൾക്കായി മെറ്റീരിയൽസ് സപ്ലൈ ചെയ്ത സപ്ലയേഴ്സ്/ കരാറുകാർ, റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, ടർഫ് കളിസ്ഥലം എന്നീ സ്ഥാപനങ്ങളും അതിലെ ജിവനക്കാരും എന്നിവരിൽ നിന്നൊന്നും പഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇവ ലൈസൻസ് പരിധിയിലും ഉൾപ്പെടുത്തിയിട്ടില്ല.

2018-19 ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപങ്ങളിൽ നിന്നും തൊഴിലാളികളിൽ നിന്നും മുഴുവൻ നികുതിയും ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്.

**<u>1-11 പഞ്ചായത്ത് വാടക വരുമാനം ആർജിക്കുന്ന ആസ്തികൾ മുഴുവൻ ലേം ചെയ്ത് നൽകിയില്ല - പഞ്ചായത്തിന് വരുമാന നഷ്ടം.</u>**

1) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ ഒരു മുറി (12/669) കുടുംബശ്രീയ്ക്ക് ജനകീയ ഹോട്ടൽ നടത്തുന്നതിനായി 2019-20 വർഷം മൂന്ന് മാസത്തേക്ക് മാത്രമായി താൽക്കാലികമായി പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകിയിരുന്നു. എന്നാൽ 2020-21 വർഷം ഈ മുറി ഒഴിഞ്ഞ് കിടന്നിട്ടും ലേലം നടത്തി വാടകയ്ക്ക് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/20-21 Dtd 25-11-21) കെട്ടിടത്തിന് അടിസ്ഥാന സൗകര്യമില്ലാത്തതിനാലാണ് ലേലത്തിൽ വയ്ക്കാഞ്ഞത് എന്ന് മറുപടി നൽകിയത്.

2) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പന്തിരിക്കര ടൗണിലുള്ള മത്സ്യമാർക്കറ്റ് കെട്ടിടം ലേല രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ അവസാനമായി ഏത് വർഷമാണ് ലേലം നടത്തിയത് എന്ന് വ്യക്തമായിട്ടില്ല.

ഇത് 2019-20, 2020-21 വർഷങ്ങളിൽ ലേലം നടത്തിയിട്ടില്ല. പന്തിരിക്കരയിൽ മത്സ്യമാർക്കറ്റ് ഉൾപ്പെടുന്ന കെട്ടിടം 8 മുറികളുള്ള കെട്ടിടമാണെന്നും ഇതിൽ 4 മുറികൾ മാവേലി സ്റ്റോർ നടത്തുന്നതിനായി വാടക രഹിതമായി പഞ്ചായത്ത് വിട്ട് നൽകിയതാണ് എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി നൽകിയിട്ടുണ്ട്. കൂടാതെ ബാക്കിയുള്ള 4 മുറികൾ അറ്റകുറ്റപ്പണിയ്ക്കായി 2019-20 ൽ സ്പിൽ ഓവർ പ്രവർത്തിയായി പദ്ധതി വച്ചിട്ടുണ്ടെന്നും പ്ലമ്പിഗ്, ഇലക്ട്രിസിറ്റി, വയറിംഗ് എന്നിവ പൂർത്തിയാക്കാത്തതിനാലാണ് ലേല നടപടികൾ സ്വീകരിക്കാത്തത് എന്നും മറുപടിയിൽ പറയുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും വരുമാനമാർജിക്കാവുന്നതുമായ ആസ്തികൾ ഇപ്രകാരം അറ്റകുറ്റ പണി നടത്താതെ വരുമാന നഷ്ടമുണ്ടാക്കുന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പരിശോധിച്ചിട്ടില്ല. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി അടിയന്തിരമായി പൂർത്തിയാക്കേണ്ടതും ലേല നടപടി സ്വീകരിച്ച് വാടകയ്ക്ക് നൽകി വിശദ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

**1-12 മുൻ റിപ്പോർട്ടുകൾ -തീർപ്പാക്കപ്പെടുന്നില്ല-അപാകതകൾ ആവർത്തിക്കപ്പെടുന്നു**

ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ സമയബന്ധിതമായി പരിഹരിക്കുകയെന്നത്, സ്ഥാപനത്തിന്റെ ആരോഗ്യകരമായ മുന്നോട്ട് പോക്കിന് അത്യന്താപേക്ഷിതമാണ്. എന്നാൽ ഇത്തരം തിരുത്തൽ നടപടികൾക്ക് സ്ഥാപനം യാതൊരു പ്രാധാന്യവും നല്കുന്നില്ലെന്ന്, 1993-94 വർഷം മുതൽക്കുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ തീർപ്പാക്കിയില്ലെന്നത് സാക്ഷ്യപ്പെടുത്തുന്നു. ഏതൊരു സ്ഥാപനത്തിന്റേയും പ്രവർത്തന മികവ്, ഓഡിറ്റ് റിപ്പോർട്ടുകൾക്കുള്ള സത്വര പ്രതികരണം സാക്ഷ്യപ്പെടുത്തും എന്നകാര്യം ഇവിടെ പ്രസക്തമാണ്. സ്ഥാപനത്തിന്റെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ റിപ്പോർട്ടുകളുടെ തുടർനടപടി വിലയിരുത്തിയതിൽ, നിലവിലും റിപ്പോർട്ടുകൾക്ക് മതിയായ പ്രാധാന്യം സ്ഥാപനം നല്കുന്നില്ലെന്ന് വ്യക്തമാകുന്നുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

**2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്**

2018-19 വർഷത്തെ ഓഡിറ്റ് 26.09.2019 മുതൽ 10.10.19വരെ നടത്തിയതും ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകളെല്ലാം എൻക്വയറികളിലൂടേയും എക്സിറ്റ് മീറ്റിംഗിലുമായി സ്ഥാപനത്തെ തൽസമയം അറിയിച്ചതുമാകുന്നു. കൂടാതെ ഈ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 6.12.2019 ന് സ്ഥാപനത്തിന് ലഭിച്ചിട്ടുമുണ്ട്. നിയമപ്രകാരം റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനകം ആയത് ഭരണസമിതി ഒരു പ്രത്യേക യോഗം ചേർന്ന് ചർച്ച ചെയ്യേണ്ടതും റിപ്പോർട്ടിന്റേയും ആയതിന്മേൽ ഭരണസമിതി കൈക്കൊണ്ട തീരുമാനത്തിന്റേയും പകർപ്പ് പൊതുജനങ്ങൾക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14.15 എന്നിവ കാണുക) എന്നാൽ റിപ്പോർട്ട് ഒരു യോഗത്തിലും ഭരണസമിതി പരിഗണിക്കുകയോ വിഷയങ്ങൾ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. കൂടാതെ പകർപ്പ് പൊതുജനങ്ങൾക്കായി പ്രസിദ്ധപ്പെടുത്തിയിട്ടുമില്ല. റിപ്പോർട്ടുകളുടെ കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ ഏറ്റവും ബാധ്യതപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും റിപ്പോർട്ട് പരിഗണിച്ചിട്ടു പോലുമില്ല. റിപ്പോർട്ടിന്റെ കാര്യത്തിലുള്ള നിയമപരമായ ബാധ്യത നിറവേറ്റാത്തത് ഗുരുതരമായ വീഴ്ചയാണ്.

മേൽ വീഴ്ചകളുടെ ഫലമായി രണ്ട് മാസത്തിലുള്ളിൽ റിപ്പോർട്ടിൽ പരാമർശിച്ച തടസ്സങ്ങൾ/ പരാമർശങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നല്കണമെന്ന നിയപരമായ ബാധ്യത സ്ഥാപനം നിറവേറ്റിയിട്ടില്ല. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, സെക്ഷൻ 15(1), ചട്ടം20,23, കേ പ രാജ് ആക്ട് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21 (1, 2) എന്നിവ കാണുക) നിയമപരമായ സമയപരിധിക്കുള്ളിൽ റിപ്പോർട്ടിന് മറുപടി ലഭിക്കാത്തിനെ തുടർന്ന് 23.6.20ന് ഓഡിറ്റിൽ നിന്നും തുടർ റിപ്പോർട്ട് (Further

Report) പുറപ്പെടുവിച്ചിട്ടുണ്ട്. ഇതും ഭരണസമിതിയോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയോ പരിഗണിച്ചില്ല. റിപ്പോർട്ടിന് ഒരു മറുപടി സ്ഥാപനം തയ്യാറാക്കി സമർപ്പിച്ചത് റിപ്പോർട്ട് ലഭിച്ച ഏകദേശം ഒരു വർഷത്തോളമെടുത്ത് 11.11.2020 തീയതിയിലാണ്. (5.11.2020 തീയതിയിലെ 4(1) നമ്പർ തീരുമാന പ്രകാരമാണ് ഭരണസമിതി മറുപടി അംഗീകരിച്ചിരിക്കുന്നത്.) ഇതിന് ഓഡിറ്റ് വകുപ്പ് നല്കിയ തുടർ പരാമർശത്തിൽ ആകെ മൂന്ന് പരാമർശങ്ങൾ മാത്രമാണ് മറുപടി പരിഗണിച്ച് ഒഴിവാക്കിയിട്ടുള്ളൂ (ഖണ്ഡിക24, 25, 26 എന്നിവ) അതായത് പരാാമർശങ്ങളിൽ യാതൊരു നടപടിയും സ്വീകരിക്കാതെയാണ് മറുപടി നല്കിയിരിക്കുന്നതെന്ന് കാണാം. തുടർ പരാമർശത്തിന് യാതൊരു മറുപടിയും നാളിതുവരെ നല്കിയിട്ടില്ല

ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനം പരിഗണിക്കാത്തതുകൊണ്ട് തന്നെ 9/2019ൽ റിപ്പോർട്ട് ചെയ്യപ്പെട്ട അപാകതകളെല്ലാം നിലവിലും ആവർത്തിക്കപ്പെടുന്നതായി പരിശോധനയിൽ ബോധ്യപ്പെടുന്നു. ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയായി ചൂണ്ടിക്കാണിച്ച ഔട്ട് ഡോർ കളക്ഷൻ, സൂപ്പർവൈസറി ഓഫീസർ തലത്തിൽ പരിശോധിക്കപ്പെടാത്തത്, യാത്രാഡയറി വാങ്ങാതെ ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുന്നത്, ഓരോ മാസത്തേയും വൗച്ചർ കെട്ടിനുമുകളിൽ ലിസ്റ്റ് ഓഫ് വൗച്ചേഴ്സ് സൂക്ഷിക്കാത്തത് എന്നിവ നിലവിലും ആവർത്തിക്കുന്നുണ്ട്. കൂടാതെ നികുതികൾ നൂറു ശതമാനമാക്കുന്നതിനും കെട്ടിടനിർമ്മാണവും, വ്യാപാര, വ്യവസായ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിയമപരമായ നിയന്ത്രണ സംവിധാനങ്ങൾ സജീവാക്കുന്നതിനും മേൽ റിപ്പോർട്ടിൽ പരാമർശിച്ച നിർദ്ദേശങ്ങൾ നടപ്പാക്കാത്തതിനാൽ 2018-19 വർഷത്തെ അവസ്ഥാ വിശേഷം തന്നെ നിലവിലും തുടരുന്നുണ്ട്. കൂടാതെ പദ്ധതി പ്രവർത്തനങ്ങളിലും മരാമമത്ത് പ്രവൃത്തികളുടെ ചെലവിനത്തിലുമെല്ലാമുള്ള റിപ്പോർട്ട് ചെയ്യപ്പെട്ട അപാകതകൾ നിലനില്ക്കുന്നുണ്ട്.

**<u>2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്</u>**

6.4.19ന് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. ഇതിന് രണ്ട് മാസം കഴിഞ്ഞ് 17.6.19ന് ആദ്യമറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തുടർനടപടികൾ എവിടെ എത്തിനിൽക്കുന്നുവെന്ന് ഫയൽ പൂർണ്ണമല്ലാത്തതിനാൽ വ്യക്തമല്ല. റിപ്പോർട്ട് ഫയൽ ശ്രദ്ധയോടെ സൂക്ഷിക്കപ്പെടുന്നില്ലെന്നതും ഇവിടെ ശ്രദ്ധേയമാണ്.

**<u>2016-17വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്</u>**

10.8.17 ന് ഇഷ്യൂ ചെയ്ത റിപ്പോർട്ടിന് നിയമപരമായ സമയപരിധി കഴിഞ്ഞ് (രണ്ട് മാസം) 2.3.18നാണ് ആദ്യമറുപടി സ്ഥാപനം സമർപ്പിക്കുന്നത്.ഇത് പരിഗണിച്ച് 3.4.18 നു തന്നെ ഓഡിറ്റ് വകുപ്പ് അനന്തരപരാമർശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം 21 പരാമർശങ്ങൾ ഉള്ളതിൽ 16എണ്ണം തീർപ്പാക്കാതെ അവശേഷിച്ചിരുന്നു. അനന്തരപരാമർശത്തിന് 5.10.18 ന് സ്ഥാപനം മറുപടി നല്കിയതിന് ഓഡിറ്റ് വകുപ്പ് നല്കിയ മറുപടി ഫയലിൽ ലഭ്യമല്ല. റിപ്പോർട്ടിലെ മിക്ക പരാമർശങ്ങളും നിലവിലും തീർപ്പാക്കാതെ അവശേഷിക്കുന്നു.

റിപ്പോർട്ടുകളുടെ തുടർ നടപടികളിലുണ്ടായ വീഴ്ചകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**<u>1-13 കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങളുടെ വാങ്ങൽ-ആവശ്യകതാ നിർണ്ണയമില്ലാതെ</u>**

നിർവ്വഹണം - സെക്രട്ടറി

ഓഫീസ് ആവശ്യത്തിനുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം സ്ഥാപനം വാങ്ങിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | 9 - പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവൽക്കരണവും സേവനം മെച്ചപ്പെടുത്തലും | 1050000 | 540016 |
| 2 | 194- ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (സ്പിൽ ഓവർ) | 249555 | 224943 |

താഴെ കൊടുത്ത് ഉകരണങ്ങളാണ് വാങ്ങിയിത്

| ക്രമനം | ഉപകരണം | എണ്ണം | പ്രോജക്ട് നം 9 പ്രകാരം വാങ്ങിയത് | പ്രോജക്ട് നം 194 പ്രകാരം വാങ്ങിയത് |
|---|---|---|---|---|
| 1 | ഡെസ്ക്ക് ടോപ്പ് | 10 | 6 | 4 |
| 2 | ലാപ് ടോപ്പ് | 1 | 1 | 0 |
| 3 | ലേസർ പ്രിന്റർ | 5 | 4 | 1 |
| 4 | ഫോട്ടോ സ്റ്റാറ്റ് | 1 | 1 | 0 |
| 5 | യു പി എസ് | 2 | 0 | 2 |

മേല്പറഞ്ഞ വാങ്ങൽ കൂടാതെ പ്രൊജക്ട് നം 9 പ്രകാരം താഴെ കൊടുത്ത ഉപകരണങ്ങളുടെ എ എം സി കൂടി ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം | ഉപകരണം | |
|---|---|---|
| 1 | ഡെസ്ക്ക് ടോപ്പ് | 6 |
| 2 | ലേസർ പ്രിന്റർ | 2 |
| 3 | ഡോട്ട് മാട്രിക്സ് പ്രിന്റർ | 2 |
| 4 | സർവർ | 1 |
| 5 | Ups | 2 |

സ്ഥാപനത്തിനും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കുമായി ഉപകരണങ്ങൾ വാങ്ങുന്നതിന് വേണ്ടി മേൽ പ്രോജക്ടുകൾ തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങൾ ഇല്ലാതെയാണ്. പഞ്ചായത്ത് ഓഫീസിലടക്കം ഓഫീസുകളിൽ നിലവിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകൾ അടക്കമുള്ള ഉപകരണങ്ങൾ ഏതൊക്കെ, എത്രയെണ്ണം, നിലവിലെ ആവശ്യങ്ങൾക്ക് അവ പര്യപ്തമാണോ, പര്യപ്തമെല്ലെങ്കിൽ എന്തുകൊണ്ട്, പര്യപ്തമാകണമെങ്കിൽ എത്രത്തോളം ആവശ്യമുണ്ട്, ഈ ആവശ്യത്തിൽ നിലവിലെ പ്രോജക്ടുകൾ പ്രകാരം വാങ്ങുന്നതെത്ര തുടങ്ങിയ വിവരങ്ങൾ പ്രോജക്ട് ഫോറത്തിലോ സ്റ്റാറ്റസ് റിപ്പോർട്ടിലോ ലഭ്യമാക്കാതേയാണ് പ്രോജക്ടിന് അംഗീകാരം വാങ്ങി നിർവ്വഹിച്ചിരിക്കുന്നത്. ഇതുകൊണ്ടുതന്നെ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഉപകരണങ്ങളുടെ അവസ്ഥ, കൂടുതൽ ആവശ്യപ്പെടാൻ ഇടയാക്കുന്ന സാഹചര്യം എന്നിവ വ്യക്തമല്ല. കൂടാതെ ഇവ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിലോ, ജംഗമവസ്തുക്കളുടെ ആസ്തി രജിസ്റ്ററിലോ

രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും നിലവിൽ വിവിധ ഓഫീസുകളിലടക്കം ലഭ്യമായ ഉപകരണങ്ങളുടെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ ഈ വിശദാംശങ്ങൾ അടിസ്ഥാനപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ, ജംഗമവസ്തുക്കളുടെ ആസ്തി രജിസ്റ്റർ, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ കാലികമാക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിച്ചില്ല.

പഞ്ചായത്ത് പ്രദേശത്തെ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റെ , മൈക്രോ സ്മാൾ & മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ട് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമായുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് എന്നിവയ്ക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിന് സ.ഉ.(അ) നം. നമ്പർ 36/2011 തസ്വഭവ തീ 24-2-2015 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഉത്തരവ് പ്രകാരമുള്ള നിരക്ക് നാളിതുവരെ പഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ മേൽ പരാമർശിച്ച പ്രകാരമുള്ള കെട്ടിങ്ങൾ ഉണ്ടോ എന്ന് ഇതിനാൽ മനസിലാക്കാൻ സാധിക്കാതിരിക്കുകയും നികുതി നഷ്ടം ഉണ്ടാവുകയും ചെയ്യുന്നു. പുതുക്കിയ നികുതി നിരക്ക് അടിയന്തിരമായി നിശ്ചയിക്കേണ്ടതും ഈ ഗണത്തിൽ നിശ്ചയിക്കുന്ന നികുതി നിരക്കുകൾ പുതിയ നികുതി ദായകർക്ക് ഉടനെയും നിലവിലുള്ള നികുതി ദായകർക്ക് 2013 ഏപ്രിൽ 1 മുതലും പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/20-21 തീ. 24-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

**വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിച്ചില്ല.**

പഞ്ചായത്ത് പ്രദേശത്തെ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റെ, മൈക്രോ സ്മാൾ & മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ട് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമായുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് എന്നിവയ്ക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിന് സ.ഉ.(അ) നം. നമ്പർ 36/2011 തസ്വഭവ തീ 24-2-2015 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഉത്തരവ് പ്രകാരമുള്ള നിരക്ക് നാളിതുവരെ പഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ മേൽ പരാമർശിച്ച പ്രകാരമുള്ള കെട്ടിങ്ങൾ ഉണ്ടോ എന്ന് ഇതിനാൽ മനസിലാക്കാൻ സാധിക്കാതിരിക്കുകയും നികുതി നഷ്ടം ഉണ്ടാവുകയും ചെയ്യുന്നു. പുതുക്കിയ നികുതി നിരക്ക് അടിയന്തിരമായി നിശ്ചയിക്കേണ്ടതും ഈ ഗണത്തിൽ നിശ്ചയിക്കുന്ന നികുതി നിരക്കുകൾ പുതിയ നികുതി ദായകർക്ക് ഉടനെയും നിലവിലുള്ള നികുതി ദായകർക്ക് 2013 ഏപ്രിൽ 1 മുതലും പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 13/20-21 തീ. 24-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 മദ്രസ്സ വലിയ പറമ്പ് ഭാഗം പൈപ്പ് ലൈൻ നീട്ടൽ-നിക്ഷേപ പ്രവൃത്തി-അപാകതകൾ

നിർവ്വഹണം -സെക്രട്ടറി

മദ്രസ്സ വലിയ പറമ്പ് ഭാഗം പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതിയ്ക്കായി താഴെ പറയും പ്രകാരം രണ്ട് പ്രൊജക്ടുകൾ നിർവ്വഹിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 133- മദ്രസ്സ വലിയ പറമ്പ് ഭാഗം പൈപ്പ് ലൈൻ നീട്ടല് | 500000 | 500000 |
| 2 | 171- മദ്രസ്സ വലിയ പറമ്പ് ഭാഗം പൈപ്പ് | 230000 | 230000 |

| | | | |
|---|---|---|---|
| | ലൈൻ നീട്ടൽ (സ്പിൽ ഓവർ) | | |

ഒരേ ആവശ്യത്തിന് തുടർച്ചയായ വർഷങ്ങളിൽ രണ്ട് പ്രോജക്ടുകൾ വിഭാവനം ചെയ്ത് നിർവ്വഹിക്കാനിടയായ സാഹചര്യം, പ്രോജക്ടുകളുടെ കുറിപ്പിൽ നിന്നോ, പ്രേജക്ടുകളുടെ അധിക വിവരങ്ങളിൽ നിന്നോ ലഭ്യമല്ല. ഇരുവർഷങ്ങളിലായാണ് പ്രോജക്ടുകൾ രൂപീകരിച്ചതെങ്കിലും ചെലവ് വന്നിരിക്കുന്നത് ഓഡിറ്റ് വർഷത്തിലാണ്. ക്രമനമ്പർ രണ്ട് പ്രകാരമുള്ള പ്രോജക്ടിനായി 230000/- രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 10.2.2020ലെ കത്ത് പ്രകാരം എസ്റ്റിമേറ്റിന്റെ സംഗ്രഹവും, കരാറിന്റെ മാതൃകയും സ്ഥാപനത്തിന് അയച്ചുതന്നിട്ടുണ്ട്. എന്നാൽ മുദ്രപത്രത്തിൽ ആവശ്യമായ രേഖപ്പെടുത്തലില്ലാതെ തയ്യാറാക്കിയ കരാർ സെക്രട്ടറി മാത്രം ഒപ്പുവച്ച് ഫയലിൽ സൂക്ഷിക്കുകയാണ് ചെയ്തത്. കരാർ വച്ച് തുക കൈമാറുമ്പോൾ വിശദമായ എസ്റ്റിമേറ്റ് കൈപ്പറ്റണമെന്ന നിർദ്ദേശം പാലിക്കാത്തതിനാൽ നല്കിയ തുക, ആവശ്യത്തിന് മാത്രമുള്ളതാണോയെന്ന് സ്ഥാപനം ഉറപ്പാക്കിയിട്ടില്ല.

ക്രമനം ഒന്ന് പ്രകാരമുള്ള പ്രോജക്ടിന്റെ കാര്യത്തിൽ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ 3.08.2020 തീയതിയിൽ സെക്രട്ടറി, വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തയക്കുകയും ഇതിന് മറുപടിയായി 16.2.21ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ നല്കിയ കത്തിൽ പ്രോജക്ട് കോസ്റ്റായ 5 ലക്ഷം രൂപ ഒടുക്കുന്നതിനായി നിർദ്ദേശിച്ചുകൊണ്ട് എസ്റ്റിമേറ്റിന്റെ സംഗ്രഹം അയച്ചുകൊടുക്കുകയും ചെയ്തു. ഈ പ്രോജക്ടിന്റെ കാര്യത്തിലും വിശദമായ എസ്റ്റിമേറ്റ് സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. കരാറിന്റെ കാര്യത്തിൽ ആദ്യ പ്രോജക്ടിന്റെ അപാകത ആവർത്തിച്ചിട്ടുമുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ 4.6.21 തീയതിയിൽ അയച്ച കത്തിൽ എസ്റ്റിമേറ്റ് കോസ്റ്റ് 7 ലക്ഷമായി ഉയർന്നിതിനാൽ 2 ലക്ഷം രൂപ ഒടുക്കാൻ സ്ഥാപനത്തോട് നിർദ്ദേശിച്ചിരിക്കുകയാണ്. പ്രവൃത്തി ഏറ്റെടുക്കാൻ ആവശ്യപ്പെട്ട് ആറുമാസം കഴിഞ്ഞാണ് വാട്ടർ അതോറിറ്റി തുക ഒടുക്കാൻ ആവശ്യപ്പെട്ടതെന്നതിനാൽ വിലപ്പെട്ട സമയം നഷ്ടപ്പെട്ടതായും ഇതിന്റെ ഫലമായി രണ്ട് ലക്ഷം രൂപ അധിക ചെലവ് വന്നതായും കാണാം. ഒരു കത്തയക്കുക എന്നതിലുപരി പ്രവൃത്തി കരാർ വയ്ക്കാൻ സ്ഥാപനവും ശ്രമം നടത്തിയില്ലെന്നത് ഇവിടെ ശ്രദ്ധേയമാണ്. അധികമായി ആവശ്യപ്പെട്ട തുക നാളിതുവരെ ഒടുക്കാത്തതിനാൽ പ്രവൃത്തി എന്ന് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യും എന്നത് അവ്യക്തമാണ്.

ഇക്കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും ആവശ്യമായ നടപടികൾ കൈക്കൊണ്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## <u>1-16 ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്-തുക വകയിരുത്തിയതിലും ചെലവഴിച്ചതിലും അപാകതകൾ</u>

നിർവ്വഹണം -ഐ സി ഡി എസ് സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ- 201/20-21 Spill Over അടങ്കൽ-211700/-

ചെലവ് - 211700/- പ്ലാൻ ഫണ്ട്

ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നല്കുന്നതിന് 2019-20 വർഷത്തിൽ തയ്യാറാക്കിയ പ്രോജക്ട് പ്രകാരമുള്ള മുഴുവൻ തുകയും ആ വർഷം വിനിയോഗിച്ചിരുന്നില്ല. ആ വർഷം അർഹതപ്പെട്ട മുഴുവൻ തുകയും നല്കുന്നതിന് ഓഡിറ്റ് വർഷം തയ്യാറാക്കി അംഗീകാരം വാങ്ങിയതാണ് മേൽ പ്രോജക്ട്. പ്രോജക്ടിന് തുക വകയിരുത്തിയതിലും ചെലവഴിച്ചതിലും അപാകതകൾ സംഭവിച്ചിട്ടുണ്ട്.

### <u>എ) അധിക തുക നല്കി</u>

211700/- രൂപ വിനിയോഗിച്ച സ്പിൽ ഓവർ പദ്ധതിയുടെ ചെലവ് പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ടതിലും കൂടുതൽ തുക നല്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അർഹതപ്പെട്ട തുക | നല്കിയതുക | | | | | അധികം നല്കിയത് |
|---|---|---|---|---|---|---|---|---|
| | | | 2019-20 വർഷം 3 ഗഡുക്കളായി നല്കിയതുക | | | ഓഡിറ്റ് വർഷത്തെ ചെലവ് ബിൽ | ആകെ നല്കിയത് | |
| 1 | അഫീദ | 28500 | 12000 | 3000 | 6000 | 10000 | 31000 | 2500 |
| 2 | അസ്ല അബ്ദുൾ അസീസ് | 28500 | 12000 | 3000 | 11500 | 2700 | 29200 | 700 |
| ആകെ | | | | | | | | 3200 |

അർഹരായവരുടെ വിവരങ്ങൾ ഉൾപ്പെടുത്തി കൃത്യമായ വിതരണ രജിസ്ററർ തയ്യാറാക്കി സൂക്ഷിക്കാത്തതാണ് അധിക തുക നൽകാൻ ഇടയാക്കിയത്. ഇക്കാര്യത്തൽ വിശദീകരണത്തിനും മറ്റ് ഗുണഭോക്താക്കൾക്കും ഇത്തരത്തിൽ അധിക തുക നല്കിയോയെന്ന് പരിശോധിക്കാനും ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.വിശദീകരണവും പരിശോധനാകുറിപ്പും നല്കേണ്ടതാണ്, കൂടാതെ അധിക തുക ഗുണഭോക്താക്കളിൽ നിന്നോ അല്ലാത്ത പക്ഷം ചെലവഴിച്ച നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**<u>ബി) ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്-സമാന അർഹതയുള്ളവർക്ക് വ്യത്യസ്ത നിരക്കിൽ തുക നല്കി</u>**

മാനസിക വെല്ലുവിളികൾ നേരിടുന്ന ,പ്രതിവർഷം പരമാവധി 28500/- രൂപയ്ക്ക് അർഹതയുള്ള ഗുണഭോക്താക്കൾക്ക് വ്യത്യസ്ത നിരക്കിൽ ധനസഹായം നല്കിയിട്ടുണ്ട്.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അർഹതപ്പെട്ട തുക | നല്കിയതുക | | | | |
|---|---|---|---|---|---|---|---|
| | | | 2019-20 വർഷം 3ഗഡുക്കളായി നല്കിയതുക | | | ഓഡിറ്റ് വർഷത്തെ ചെലവ് ബിൽ | ആകെ നല്കിയത് |
| 1 | അഫീദ | 28500 | 12000 | 3000 | 6000 | 10000 | 31000 |
| 2 | അസ്ല അബ്ദുൾ അസീസ് | 28500 | 12000 | 3000 | 11500 | 2700 | 29200 |
| 3 | നിഖിൽ റാം | 28500 | 12000 | 3000 | 6000 | 0 | 21000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | സൂര്യ | 28500 | 12000 | 3000 | 6000 | 4500 | 25500 |
| 5 | മുഹമ്മദ് റാഷിദ് | 28500 | 12000 | 3000 | 6000 | 0 | 21000 |

മേല്പറഞ്ഞത് കൂടാതെ മറ്റ് 8 പേർ കൂടി ഈ ലിസ്റ്റിൽ ഉൾപ്പെടുന്നുണ്ട്. ഇപ്രകാരം വ്യത്യസ്തനിരക്ക് നല്കാനിടയായ സാഹചര്യം വ്യക്തമാക്കാൻ സൂപ്പർവൈസർക്ക് കഴിഞ്ഞിട്ടില്ല. മറ്റു വിഭാഗത്തിൽ പെടുന്നവർക്കും ഇതേ തരത്തിൽ വ്യത്യസ്ത നിരക്ക് നല്കിയിരിക്കാനുള്ള സാധ്യത നിലനില്ക്കുന്നു. പ്രോജക്ടിന് തുക വകയിരുത്തിയതിലും ആത് നിർവ്വഹിച്ചതിലുമുള്ള വീഴ്ചമൂലം തികഞ്ഞ അന്യായമാണ് കുറഞ്ഞതുക ലഭിച്ചവരോട് കാണിച്ചിരിക്കുന്നത്. ഗുണഭോക്താക്കൾ ഭിന്നശേഷിക്കാരാണെന്നത് അപാകതയുടെ വ്യാപ്തി കൂട്ടുന്നു. മോണിറ്ററിംഗ് സമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നീ സംവിധാനങ്ങളുടെ പരാജയവും ഇവിടെ ശ്രദ്ധേയമാണ്. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

**സി) പ്രൊജക്ടിന് മതിയായ തുക വകയിരുത്തിയില്ല**

എല്ലാ ഗുണഭോക്താക്കൾക്കും അർഹതപ്പെട്ട പരമാവധി തുക ലഭ്യമാക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിൽ സ്ഥാപനം പരാജയപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് തന്നെ മിക്കവർക്കും കുറഞ്ഞ തുക നല്കാൻ മാത്രമാണ് കഴിഞ്ഞത്. 2019-20 വർഷത്തിൽ വൻതുക ഗ്രാന്റിനത്തിൽ നഷ്ടപ്പെടാനിടയായ സാഹചര്യമുണ്ടായിരിക്കെയാണ് തുക കുറഞ്ഞതെന്ന കാര്യം ശ്രദ്ധേയമാണ്. ഇക്കാര്യം തുടർ വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

**1-17 ചങ്ങരോത്ത് ജി.എൽ.പി കെട്ടിടം റിപ്പയർ പദ്ധതി- അപാകതകൾ**

| | |
|---|---|
| പ്രോ നം, പേര് | 157/2020-21, ജി.എൽ.പി ചങ്ങരോത്ത് ഗ്രൗണ്ട് റിപ്പയർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 515200 (മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |
| ചെലവ് | 492835 (മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |
| ബിൽ നമ്പർ | 33/19.08.2020 |
| കരാറുകാരൻ | ടോം കട്ടക്കയം |
| കരാർ നം, തിയ്യതി. | 41/2018-19, തിയ്യതി. 05.03.2019 |
| എസ്റ്റിമേറ്റ് നം | 2018/48465 |

ചങ്ങരോത്ത് ജി.എൽ.പി സ്കൂൾ ഗ്രൗണ്ടിൽ ഇന്റർലോക്ക് പതിക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തിരുന്നത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ടെണ്ടർ ചെയ്യുകയും കരാറുകാരനായ ടോം കട്ടക്കയവുമായി സ്ഥാപനം 05.03.2019 തിയ്യതിയിൽ കരാർ ചമക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി കെട്ടിടത്തിന്റെ മേൽക്കൂരമാറ്റൽ പ്രവൃത്തിയായി 21.08.2019 ൽ 1/189(3) നമ്പർ തീരുമാന പ്രകാരം റിവൈസ് ചെയ്യുകയും 28.09.2019 തിയ്യതിയിൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ എസ്റ്റിമേറ്റിലെ 449228 രൂപ മൂല്യമുള്ള ഇനങ്ങൾ പൂർണ്ണമായും ഒഴിവാക്കി പകരം മേൽക്കൂര

നിർമ്മാണത്തിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി റിവൈസ് ചെയ്തിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. ആസൂത്രണം ചെയ്തതിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തിയുടെ സ്വഭാവത്തിലും, ഇനങ്ങളിലും 87 ശതമാനത്തിലധികം വ്യതിയാനമുണ്ടായിട്ടും പദ്ധതി ഉപേക്ഷിച്ച് പുതിയ പദ്ധതി രൂപീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. കരാറുകാരന് സൈറ്റ് കൈമാറിയതിന് ശേഷമാണ് സ്കൂളിൽ നടത്തേണ്ട പ്രവൃത്തിയുടെ മുൻഗണന സ്ഥാപനം മാറ്റി നിശ്ചയിച്ചിട്ടുള്ളത്. സ്കൂളിന്റെ കെട്ടിടം ജീർണ്ണിച്ച് അപകടാവസ്ഥയിലായിരിക്കെ ഗ്രൗണ്ടിൽ ഇന്റർലോക്ക് പാകുന്ന പ്രവൃത്തിക്ക് മുൻഗണന നൽകി പദ്ധതി ആസൂത്രണം ചെയ്തതിലൂടെ ആസൂത്രണ നടപടികൾ ഫലപ്രദമല്ലെന്നും, മേഖലയിൽ സ്ഥാപനം നേരിടുന്ന പ്രശ്നങ്ങളെ തിരിച്ചറിയുന്നതിന് സഹായകമാകുന്ന അവസ്ഥാരേഖ തയ്യാറാക്കുന്നതിനോ ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കുന്നതിനോ പഞ്ചായത്തിന് സാധിച്ചിട്ടില്ലെന്നത് വ്യക്തമാണ്. ഘടക സ്ഥാപനങ്ങളുൾപ്പെടെയുള്ളവയുടെ മെയിന്റനൻസിനായി മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയറും വീഴ്ച വരുത്തിയിട്ടുണ്ട്.
2. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 2783.956 കിലോഗ്രാം സ്റ്റീൽ വർക്ക് കെട്ടിടത്തിൽ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം, ഘടന എന്നിവ വ്യക്തമാക്കുന്ന സ്കെച്ച് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ അളവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. അവസ്ഥാരേഖ കാലികമാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തേണ്ടതും മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട പ്രവൃത്തികൾക്ക് മുൻഗണന നിശ്ചയിക്കേണ്ടതുമാണ്.

## 1-18 പനയുള്ള കണ്ടി ചെമ്പേരിടം റോഡ് പ്രവൃത്തി- അപാകതകൾ

| | |
|---|---|
| പ്രോ നം, പേര് | 110/2020-21, പനയുള്ള കണ്ടി ചെമ്പേരിടം റോഡ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 554955<br>(500000 മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്, 54955- തനത് ഫണ്ട്) |
| ചെലവ് | 512910<br>(500000 മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്, 12910- തനത് ഫണ്ട്) |
| ബിൽ നമ്പർ | 81/17.03.2021 |
| കരാറുകാരൻ | ഒ.എം സ്വരാജ് |
| കരാർ നം, തിയ്യതി. | AE/ChGP/30/20-21, Dt 04.09.2020 |
| എസ്റ്റിമേറ്റ് നം | 2020/72441, |

0000-0150 ചെയിനേജിൽ 150 മീറ്റർ നീളത്തിൽ കോൺക്രീറ്റ് റോഡ് നിർമ്മിക്കുന്നതിനും 23 മീറ്റർ നീളത്തിൽ ഇരുവശങ്ങളിലുമായി ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ മേൽ റോഡിൽ 0000-0166 ചെയിനേജിൽ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ടാറിംഗ് പ്രവൃത്തി 2018-19 ൽ ആസൂത്രണം ചെയ്ത് 2019-20 ൽ നടപ്പാക്കിയിട്ടുള്ളതിനാൽ

പദ്ധതി ഭരണസമിതിയുടെ 22.01.2021 ലെ 1(2)/2021 നമ്പർ തീരുമാനപ്രകാരം റിവൈസ് ചെയ്ത് 0000-0166 ചെയിനേജിൽ വലത്, ഇടത് വശങ്ങളിൽ 85 സെന്റിമീറ്റർ വീതിയിൽ ടാർ ചെയ്യാനും തുടർന്നുള്ള 53.5 മീ ചെയിനേജിൽ റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനും ആയതിന് ഇരുവശത്തും 70 Cm വീതിയിൽ ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനുമായാണ് പദ്ധതി റിവൈസ് ചെയ്തിട്ടുള്ളത്. പദ്ധതി ആസൂത്രണ- നിർവ്വഹണ ഘട്ടത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. പഞ്ചായത്തിന്റെ ആസ്തിയിന്മേൽ പഞ്ചായത്ത് അറിയാതെ ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി നടത്തിയത് ആസ്തി പരിപാലനത്തിലും നിയന്ത്രണത്തിലുമുള്ള സ്ഥാപനത്തിന്റെ വീഴ്ചയുടെ സൂചനയാണ്. പദ്ധതി നിർവ്വഹണം നടത്തിയ ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെയാണ് അതേ ചെയിനേജിൽ പഞ്ചായത്ത് ആസൂത്രണം ചെയ്ത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുള്ളത്.
2. പദ്ധതി പ്രകാരം ആസൂത്രണം ചെയ്ത പ്രവൃത്തി ഉപേക്ഷിക്കേണ്ടി വന്ന സാഹചര്യത്തിലും പദ്ധതി ഉപേക്ഷിച്ച് ബ്ലോക്ക് പഞ്ചായത്ത് ടാറിംഗ് നടത്തിയതിന് ശേഷമുള്ള ചെയിനേജിൽ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി നടത്തിയ റോഡിന്റെ ഇരുവശത്തും കോൺക്രീറ്റ് പ്രവൃത്തി നടത്തുന്നതിന് മുൻഗണന നൽകുകയാണ് ചെയ്തിട്ടുള്ളത്.
3. എസ്റ്റിമേറ്റിൽ ഒന്നാം ഇനമായി ടാർ റോഡ് 53.5 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ 15 സെന്റിമീറ്റർ കനത്തിൽ കുഴിച്ചെടുക്കുന്നതിനുള്ള ഇനം ഉൾപ്പെടുത്തിയിട്ടുണ്ട്. (3.2) രണ്ടാമത്തെ ഇനമായ ഗ്രാനുലാർ സബ്ബ് ബേസ് തയ്യാറാക്കുന്നതിന് (4.11.2) ആവശ്യമായ മെറ്റീരിയലിന്റെ അളവിൽ നിന്നും ഒന്നാം ഇനത്തിൽ കുഴിച്ചെടുത്ത മെറ്റീരിയലിന്റെ 50 ശതമാനം കിഴിവ് ചെയ്യുന്നതായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ കനമായി ഉൾപ്പെടുത്തിയത് 5 സെ.മീ മാത്രമാണ്. യഥാർത്ഥത്തിൽ 12.0375 Cum മെറ്റീരിയൽ കുറവ് ചെയ്യേണ്ടിടത്ത് 4.013 Cum മെറ്റീരിയൽ മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കിയത് പ്രകാരമുള്ള അളവിലുള്ള 4.013 Cum മെറ്റീരിയൽ മാത്രമെ എം-ബുക്കിലും കുറവ് ചെയ്തിട്ടുള്ളൂ.
4. പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ പനയുള്ളമുക്ക് ചെമ്പേരിതാഴ റോഡ് എന്ന പ്രവൃത്തിയിലൂടെ 3 മീറ്റർ വീതിയിൽ ബ്ലോക്ക് പഞ്ചായത്ത് ടാറിംഗ് നടത്തിയിട്ടുണ്ട്. പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയുടെ എം-ബുക്ക് പ്രകാരം ടാറിംഗ് നടത്തിയ റോഡിന്റെ ഇടത് വശത്ത് കുറഞ്ഞത് 70 സെന്റി മീറ്ററും വലത് വശത്ത് കുറഞ്ഞത് 50 സെന്റിമീറ്റർ വീതിയിലും കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ആയത് പ്രകാരം റോഡിന് കുറഞ്ഞത് 4.2 മീറ്റർ വീതി ഉണ്ടായിരിക്കേണ്ടതാണ്. എം-ബുക്ക് പ്രകാരം വലതുവശത്ത് പരമാവധി 3.3 മീറ്റർ കോൺക്രീറ്റ് ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം റോഡിന് ചിലയിടങ്ങളിൽ 6.8 മീറ്റർ (കുറഞ്ഞത്) വീതി ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ആസ്തി രജിസ്റ്റർ പ്രകാരം റോഡിന്റെ വീതി 3 മീറ്റർ മാത്രമാണ്. 26.11.2021 തിയ്യതിയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചതിൽ നിന്നും കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത് Carriage Way യിൽ അല്ലെന്നും, ഐറിഷ് ഡ്രെയിൻ എന്ന നിലയിലാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്നും ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്ത് റോഡിന്റെ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമുള്ള ചെയിനേജിൽ നിലവിലുള്ള സോളിംഗ് കാലഹരണപ്പെട്ട് റോഡ് ഗതാഗതയോഗ്യമല്ലാത്ത നിലയിലാണുള്ളതെന്നും സൈറ്റ് പരിശോധനയിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. അളവ് പുസ്തകത്തിലെ പേജ് നമ്പർ 17 ൽ റോഡിന്റെ ഇടത് ഭാഗത്ത് ചെയിനേജ് 0149-0154 ൽ 1.4 മീറ്റർ വീതിയിൽ 5 മീറ്റർ നീളത്തിലും, 0154 -0159 ൽ 3.3 മീറ്റർ വീതിയിലും 4.8 മീറ്റർ വീതിയിലും കോൺക്രീറ്റ് ചെയ്തതായി കാണുന്നുണ്ട്. എന്നാൽ സൈറ്റ് പരിശോധിച്ചതിൽ നിന്നും മേൽ ചെയിനേജുകളിലെ അളവിൽ വ്യതിയാനമുള്ളതായും 0154 -0159 ചെയിനേജിലെ കോൺക്രീറ്റിംഗ് ഇടവഴി, വീട്ടിലേക്കുള്ള വഴി എന്നിവ കോൺക്രീറ്റ് ചെയ്തതായും ആയത് എസ്റ്റിമേറ്റിലോ, പദ്ധതി ലക്ഷ്യത്തിലോ ഉൾപ്പെട്ടിട്ടില്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. 0149-0154 ചെയിനേജിലെ കോൺക്രീറ്റിംഗ് അളവ് സൈറ്റിൽ

കണ്ടെത്താനായിട്ടില്ല. ആയത് യഥാർത്ഥത്തിൽ 0154 -0159 ചെയിനേജിൽ ഉൾപ്പെട്ടതാണെന്നും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

5. റോഡ് ഗതാഗത യോഗ്യമാക്കുന്നതിനാണ് വർക്കിംഗ് ഗ്രൂപ്പ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. എന്നാൽ മേൽ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് റോഡിന്റെ ഡ്രെയിനേജ് നിർമ്മാണമാണ് നടന്നിട്ടുള്ളത്. മേൽ പ്രവൃത്തിയുടെ ആവശ്യകത വർക്കിംഗ് ഗ്രൂപ്പ് , ഗ്രാമസഭ, എന്നിവ ഉറപ്പ് വരുത്തിയതായി കാണുന്നില്ല. 0000-0150 ചെയിനേജിൽ 23 മീറ്ററിൽ മാത്രമാണ് ഗ്രാമപഞ്ചായത്ത് ആദ്യഘട്ടത്തിൽ ഐറിഷ് ഡ്രെയിൻ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ പദ്ധതിക്ക് സാങ്കേതിക അനുമതി നൽകിയ ഉദ്യോഗസ്ഥൻ നിർവ്വഹണം നടത്തിയ ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തിയിലും ഐറിഷ് ഡ്രെയിൻ ഉൾപ്പെടുത്തിയിട്ടില്ല. ആയതിൽ നിന്നും വ്യത്യസ്തമായി റിവൈസ്ഡ് എസ്റ്റിമേറ്റിൽ 220 മീറ്റർ നീളത്തിൽ ഇരുവശത്തും ഐറിഷ് ഡ്രെയിൻ നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

6. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ മേൽ റോഡിൽ ബ്ലോക്ക് പഞ്ചായത്ത് നടത്തിയിട്ടുള്ള മൂലധന ചെലവ് ഗ്രാമപഞ്ചായത്തിന്റെ ആസ്തിമൂല്യത്തിലോ വാർഷിക കണക്കിലോ പ്രതിഫലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടി സ്വീകരിച്ച് കരാർ ചമച്ച് സൈറ്റ് കൈമാറ്റം ചെയ്ത് മാസങ്ങൾക്ക് ശേഷമാണ് ആസൂത്രണം ചെയ്ത പ്രവൃത്തി ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹിച്ചിട്ടുണ്ടെന്ന വസ്തുത സ്ഥാപനം തിരിച്ചറിയുന്നത്. ഗ്രാമപഞ്ചായത്ത് പദ്ധതി ആസൂത്രണം ചെയ്ത സമയത്ത് തന്നെ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നിർവ്വഹണം ആരംഭിച്ചിരുന്നു. മാത്രമല്ല മേൽ റോഡിന്റെ ഇരുവശങ്ങളിലുമുള്ള കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ അനിവാര്യത റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുമില്ല. കരാറുകാരനുമായി സ്ഥാപനം വ്യവസ്ഥ ചെയ്ത അളവിലുള്ള കോൺക്രീറ്റിംഗ് പ്രവൃത്തി പദ്ധതിയിൽ ഉറപ്പ് വരുത്തുന്നതിനാണ് സ്ഥാപനം ശ്രമിച്ചിട്ടുള്ളതെന്നും ആസ്തി നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങളെ തിരിച്ചറിഞ്ഞ് റോഡിന്റെ ഗതാഗത യോഗ്യമല്ലാത്ത ഭാഗം പുനർനിർമ്മിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രമം നടത്തിയിട്ടില്ലെന്നതും വ്യക്തമാണ്.

മേഖലയിൽ സ്ഥാപനം നേരിടുന്ന വെല്ലുവിളികളെന്തെന്നത് തിരിച്ചറിയുന്നതിന് സഹായകമാകുന്ന തരത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയോ ഡാറ്റ ശേഖരിക്കുകയോ ചെയ്യാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്നത്. ഈ പ്രവണതയാണ് മേൽ അപാകതകൾക്കും കാരണമായിട്ടുള്ളത്. പനയുള്ളകണ്ടി- ചെമ്പേരി ഇടം റോഡിന്റെ ആസ്തി രജിസ്റ്റർ പ്രകാരമുള്ള ആകെ നീളം ഒരു കിലോമീറ്ററാണ്. ആയതിൽ 219 മീറ്റർ മാത്രമെ നിലവിൽ സഞ്ചാരയോഗ്യമായിട്ടുള്ളൂ. തുടർന്നുള്ള ചെയിനേജിലെ റോഡ് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് പകരം അനിവാര്യമല്ലാതിരുന്ന അളവിൽ കോൺക്രീറ്റിംഗ് പ്രവൃത്തി നിർവ്വഹിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-19 റോഡ് നിർമ്മാണം- കോൺക്രീറ്റിംഗിന് തെറ്റായ ഇനം ഉൾപ്പെടുത്തുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രോജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 73/2020-21 | കാവിൽ കട്ടൻകോട്ട് റോഡ് കോൺക്രീറ്റ് | 400000 | 399357 |
| 111/2020-21 | പനയുള്ള കണ്ടി ആയോളികുന്ന് റോഡ്സൈഡ് കോൺക്രീറ്റിംഗ്. | 50000 | 49803 |

പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവർത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mm -ൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.

അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും റോഡ് കോൺക്രീറ്റിന് അനുയോജ്യമായ ഇനം ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

**<u>1-20 ഭാഗികമായി പ്രവൃത്തി ചെയ്ത കരാറുകാരന് ഫൈനൽ ബിൽ നൽകി</u>**

| | |
|---|---|
| പ്രൊ നം, പേര് | 215/2019-20, കുന്നമ്മൽ വളപ്പിൽ മുണ്ടകുറ്റി റോഡ് (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 507732<br>(350000- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 157732- തനത് ഫണ്ട്) |
| ചെലവ് | 442268<br>(350000- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 92268- തനത് ഫണ്ട്) |
| ബിൽ നമ്പർ | 32/16.08.2019, |
| കരാറുകാരൻ | ബിജു പറശ്ശേരി |
| കരാർ നം, തിയ്യതി. | 20/2018-19, തിയ്യതി. 05.03.2019 |

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്തതും 2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയതുമായ

കുന്നമ്മൽ വളപ്പിൽ മുണ്ടകുറ്റി റോഡ് പ്രവൃത്തിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. എസ്റ്റിമേറ്റ് പ്രകാരം 145 മീറ്റർ നീളത്തിൽ പുതിയ റോഡ് നിർമ്മാണവും 90 മീറ്ററിൽ നിലവിലുള്ള DR Paving ന് മുകളിൽ ടാറിംഗുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 90 മീറ്ററിൽ DR Paving നിലവിലുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 90 മീറ്ററിൽ നിലവിലുള്ള DR Paving ന് മുകളിൽ ആസൂത്രണം ചെയ്ത 175062 രൂപ മൂല്യമുള്ള (ജി.എസ്.ടി ഉൾപ്പെടെ ) ജി.എസ്.ബി, ടാറിംഗ് പ്രവൃത്തികൾ നിർവ്വഹിക്കാതെയാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ കരാർ പ്രകാരം വ്യവസ്ഥ ചെയ്ത പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിക്കാത്ത സാഹചര്യത്തിലും 20.03.2019 തിയ്യതിയിൽ ഫൈനൽ ബിൽ തയ്യാറാക്കി 16.08.2019 തിയ്യതിയിൽ പേമെന്റ് നൽകി.
2. 24.11.2021 തിയ്യതിയിൽ സൈറ്റ് പരിശോധിച്ചതിൽ നിന്നും 215/2019-20 നമ്പർ പ്രോജക്ട് മുഖേന പൂർത്തീകരിച്ച ടാർ റോഡിന് ശേഷമുള്ള 127 മീറ്ററിന് ശേഷമുള്ള ചെയിനേജ് 70/21-22 പ്രൊജക്ട് മുഖേന കോൺക്രീറ്റ് ചെയ്തതായി കാണുന്നു. കോൺക്രീറ്റ് റോഡ് പൂർത്തീകരിച്ചതിന് ശേഷമുള്ള ചെയിനേജിൽ DR Paving നിലവിലുള്ളതായും കാണുന്നു. പ്രസ്തുത റോഡിൽ മേൽ പറഞ്ഞ DR Paving പ്രവൃത്തി നടത്തിയ വർഷം, ബന്ധപ്പെട്ട പ്രൊജക്ടിന്റെ വിശദാംശം എന്നിവ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. വർഷങ്ങൾക്ക് മുൻപ് മേൽ റോഡിൽ DR Paving നടത്തിയിട്ടുണ്ടെങ്കിലും ആയത് കാലപ്പഴക്കം മൂലം നശിച്ച നിലയിലാണുള്ളത്. യഥാസമയം ടാറിംഗ് പ്രവൃത്തി നടത്താതെ റോഡിലെ DR Paving നശിച്ച നിലയിലാണുള്ളത്.
3. 2019-20 ലെ 215/2019-20 നമ്പർ പ്രൊജക്ട് എസ്റ്റിമേറ്റ് പ്രകാരം 175062 രൂപയാണ് മേൽ പരാമർശിച്ച 90 മീറ്റർ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമുണ്ടായിരുന്നത്. എന്നാൽ 70/21-22 നമ്പർ പ്രോജക്ട് എസ്റ്റിമേറ്റ് പ്രകാരം 424766.75 രൂപ മേൽ ചെയിനേജിൽ (90 മീറ്റർ) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കണക്കാക്കി എസ്റ്റിമേറ്റ് പ്രകാരം അടങ്കൽ ചെയ്തിട്ടുണ്ട് 2018-19 ൽ ടാറിംഗ് പ്രവൃത്തിയും 2021-22 വർഷത്തിൽ കോൺക്രീറ്റിംഗുമാണ് ആസൂത്രണം ചെയ്തതെന്ന വ്യത്യാസമുണ്ടെങ്കിലും 2021-22 ലെ എസ്റ്റിമേറ്റ് നിരക്കുകൾ DSR 2018 നെ ആധാരമാക്കിയിട്ടുള്ളതാണ്. കോസ്റ്റ് ഇൻഡക്സിലും വ്യതിയാനമുണ്ടായിട്ടുണ്ട്. ആയതിൽ നിന്നും മേൽ പ്രവൃത്തി 215/2019-20 നമ്പർ പ്രൊജക്ട് മുഖേന പൂർത്തിയാക്കാത്തത് മൂലം സ്ഥാപനത്തിന് സാമ്പത്തിക നഷ്ടവും സമയനഷ്ടവും ഉണ്ടായിട്ടുണ്ടെന്നത് വ്യക്തമാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 2018-19 വർഷത്തിൽ നിർവ്വഹണം നടത്തുന്നതിന് മുൻഗണന നൽകി ആസൂത്രണം ചെയ്ത ചെയിനേജിലെ പ്രവൃത്തി 2021-22 വർഷത്തിലാണ് പൂർത്തീകരിച്ചിട്ടുള്ളത്. മാത്രമല്ല നാളിതുവരെ മുണ്ടകുറ്റി കോളനിയിലേക്കുള്ള പ്രസ്തുത റോഡ് ഭാഗികമായി മാത്രമെ ഗതാഗതയോഗ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ. നിലവിലുള്ള DR Paving ന് മുകളിൽ ടാറിംഗ്/കോൺക്രീറ്റിംഗ് നിർമ്മാണം പൂർത്തിയാക്കാത്തത് മൂലം DR Paving നശിച്ചുകൊണ്ടിരിക്കുകയുമാണ്. റോഡുകളുടെ നിർമ്മാണം പൂർണ്ണമായും ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതും, വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നതിലുമുണ്ടായ വീഴ്ചയാണ് മേൽ അപാകതകൾക്ക് കാരണമായിട്ടുള്ളത്. പ്രവൃത്തി പൂർത്തിയാകാതെ ഫൈനൽബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറും ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കരാർ പ്രകാരം വ്യവസ്ഥ ചെയ്ത പ്രവൃത്തി കരാറുകാരൻ നിർവ്വഹിച്ചു എന്ന് ഉറപ്പ് വരുത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ ശ്രദ്ധ ചെലുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അവ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതുമാണ്.

**1-21 വാഴകൃഷിവികസനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ**

പ്രോജക്റ്റ് നമ്പർ - 30/2020-21

അടങ്കൽ - 850000

ചെലവ് - 850000 (വികസനഫണ്ട് ,ബിൽനം.5/2020-21 തീ.12.08.2020)

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷിഓഫീസർ

സ.ഉ(കൈ)നം.22/2018/തസ്വഭവ,തീ.14.12.2018പതിമൂന്നാം പഞ്ചവത്സരപദ്ധതി ധനവിനിയോഗ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 പ്രകാരം സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ/ തൈകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ വാഴകൃഷി വികസനം (കദളീവനം) എന്ന പദ്ധതിയുടെ ഭാഗമായി 855000 രൂപയുടെ വാഴക്കന്നുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വി.എഫ്.പി.സി.കെ, താമരശ്ശേരിയിൽ നിന്നാണ് കന്നുകൾ വാങ്ങിയത്. ആകെ 47500 എണ്ണം ഞാലിപൂവൻ വാഴക്കന്നുകൾ വാങ്ങിയിട്ടുണ്ട്. ഭൂവിസ്തൃതി പരിഗണിക്കാതെ ഒരു ഗുണഭോക്താവിന് 10 എണ്ണം വീതമാണ് കന്നുകൾ വിതരണം ചെയ്തത്. ഗ്രാമപഞ്ചായത്തിൽ വാഴകൃഷി ചെയ്യുന്ന എത്ര കർഷകരുണ്ടെന്നോ കർഷകരുടെ വാഴകൃഷി ചെയ്യാൻ അനുയോജ്യമായ ഭൂവിസ്തൃതി എത്രയെന്നോ ഉള്ള വിവരം സ്റ്റാറ്റസ് റിപ്പോർട്ടിലോ വർക്കിംഗ് ഗ്രൂപ്പ് മിനിട്സിലോ ഇല്ല. 4750 ഗുണഭോക്താക്കൾക്ക് ഒരു ആനുകൂല്യമായി 10 വീതം വാഴകന്നുകൾ വാർഡ് അടിസ്ഥാനത്തിൽ (ഒരു വാർഡിന് 250 വീതം) വിതരണം ചെയ്യുകയാണ് ചെയ്തത്. വിതരണം ചെയ്ത വാഴകന്നുകൾ ഗുണഭോക്താക്കൾ പ്രയോജനപ്പെടുത്തിയോ എന്നത് പരിശോധിക്കപ്പെട്ടിട്ടില്ല. വിളവർദ്ധനവ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കർഷകരുടെ ആവശ്യങ്ങൾ പരിഗണിച്ചും സ്റ്റാറ്റസ് റിപ്പോർട്ട് കാലോചിതമായി പരിഷ്കരിച്ചും പ്രോജക്ടുകൾ തയ്യാറാക്കപ്പെടാത്തതാണ് മേൽപ്പറഞ്ഞ അപാകതകൾക്ക് കാരണം. മേൽപ്പറഞ്ഞ രീതിയിൽ പ്രോജക്ടുകൾ നടപ്പാക്കുകവഴി പദ്ധതി പണം പാഴായി പോകുകയാണ് ചെയ്യുന്നത്. ഭക്ഷ്യവിളകൾ, പച്ചക്കറികൾ എന്നിവയുടെ ഉത്പാദനവും ഉത്പന്നങ്ങളുടെ സംസ്കരണവും വിപണനവും മെച്ചപ്പെടുത്തുക എന്നതിന് പുറമെ ഓരോ വർഷവും എത്ര കാർഷിക വിളകൾ കൂടുതൽ ഉൽപാദിപ്പിക്കാം എന്നിവയ്ക്കായിരിക്കണം പദ്ധതി രൂപീകരണത്തിൽ മുൻഗണന നൽകേണ്ടത്. അവസ്ഥാരേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് മറുപടി നൽകേണ്ടതാണ്.

**1-22 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതികളിൽ എസ്റ്റിമേറ്റുകൾ പുതുക്കുന്ന പ്രവണത കൂടതലാണെന്ന് കാണുന്നു. നിർവ്വഹണ ഘട്ടത്തിൽ തിരിച്ചറിയുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയല്ല ഭൂരിഭാഗം എസ്റ്റിമേറ്റുകളും റിവൈസ് ചെയ്തിട്ടുള്ളത്. സൈറ്റ് പരിശോധിക്കാതെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതിനാലാണ് റിവൈസ് ചെയ്തിട്ടുള്ളത്.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ നം | എസ്റ്റിമേറ്റിൽ വരുത്തിയ മാറ്റം | റിവൈസ് ചെയ്തതിന്റെ കാരണം |
|---|---|---|---|
| 1 | 18/19-20, 53/ 19-20, 71/19-20, 110/ 19-20, 125/19-20 | റോഡ് ടാറിംഗ് പ്രവൃത്തി റോഡ് കോൺക്രീറ്റ് പ്രവൃത്തിയാക്കി. | മെമ്പർമാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ |
| 2 | 110/2020-21 | റോഡ് കോൺക്രീറ്റ് പ്രവൃത്തി ഐറിഷ് | ഗ്രാമപഞ്ചായത്ത് പ്രവൃത്തി നടത്താനുദ്ദേശിച്ച ചെയിനേജിൽ ബ്ലോക്ക് |

| | | | |
|---|---|---|---|
| | | ഡ്രെയിൻ ആക്കി മാറ്റി. | പഞ്ചായത്ത് റീടാറിംഗ് നടത്തി. |
| 3 | 234/20, കരവാൻകണ്ടി താഴ നടപ്പാത | നടപ്പാത സൈഡ് സംരക്ഷണം റോഡ് നിർമ്മാണ പ്രവൃത്തിയാക്കി മാറ്റി | മൺറോഡാണ് നിലവിലുള്ളതെന്ന കാരണത്താൽ |
| 4 | 157/2020-21, ജി.എൽ.പി ചങ്ങരോത്ത് ഗ്രൗണ്ട് റിപ്പയർ | ഗ്രൗണ്ടിൽ ഇന്റർലോക്ക് പതിക്കുന്ന പ്രവൃത്തി കെട്ടിട പുനരുദ്ധാരണമാക്കി മാറ്റി. | കെട്ടിടം ജീർണ്ണിച്ച് അപകടാവസ്ഥയിലാണെന്നത് പരിഗണിച്ച് മാറ്റം വരുത്തി. |

സൈറ്റ് പരിശോധിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും ആസൂത്രണത്തിലെ അപാകതകളും മൂലമാണ് മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്നിട്ടുള്ളത്. അപാകതക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

സാങ്കേതിക പരിശോധന നടത്തി ഉചിതമായ പ്രവൃത്തി നിശ്ചയിക്കുന്നതിന് ചുമതലപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് വാർഡ് മെമ്പർമാരുടെ താത്പര്യത്തിന് പുറത്ത് പുതുക്കി നിശ്ചയിക്കുന്ന പ്രവണത ആശ്വാസ്യമല്ല. മേൽ പരാമർശിച്ചത് പ്രകാരമുള്ള മാറ്റങ്ങൾ സൈറ്റിൽ അനിവാര്യമാണെന്ന് മേൽ പട്ടികയിലെ ക്രമനമ്പർ 1 പ്രകാരമുള്ള പ്രോജക്ടുകളുടെ റിവൈസ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയത് സൈറ്റ് പരിശോധിക്കാതെയാണ് ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്നതിന്റെ തെളിവാണ്. പട്ടികയിലെ 2, 3, 4 നമ്പറായി ചേർത്തിട്ടുള്ള പ്രവൃത്തികൾ ആസൂത്രണം ചെയ്തതിൽ നിന്നും വ്യത്യസ്തമായി സമൂലമായ മാറ്റത്തോടെയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ആസൂത്രണം ചെയ്തതിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തിയുടെ ലക്ഷ്യം, സ്വഭാവം എന്നിവയിൽ വലിയ മാറ്റം വരുത്തിയാണ് പദ്ധതി പുതുക്കിയിട്ടുള്ളത്. ടെണ്ടർ ക്ഷണിച്ച് കരാർ ചമച്ച് സൈറ്റ് കൈമാറിയതിന് ശേഷമാണ് മേൽ മാറ്റങ്ങൾ പദ്ധതിയിൽ വരുത്തിയിട്ടുള്ളതെന്ന വസ്തുത ശ്രദ്ധേയമാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും മുൻഗണന നിശ്ചയിക്കുന്നതിലും വർക്കിംഗ് ഗ്രൂപ്പ് മുതൽ ഭരണസമിതി വരെയുള്ള ഘടകങ്ങൾ വീഴ്ച വരുത്തിയിട്ടുണ്ട് . മേൽ പട്ടികയിൽ പരാമർശിച്ച ആസ്തികളുടെ സ്റ്റാറ്റസ് സംബന്ധിച്ച യാതൊരു ഡാറ്റയും നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥാപനത്തിന്റെ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. മേൽ വീഴ്ചകളാണ് അപാകതകൾക്ക് കാരണമായിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പുകൾ ആസൂത്രണ-മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പ് വരുത്തേണ്ടതും പദ്ധതികൾ മുൻഗണനാക്രമം നിശ്ചയിച്ച് നിർവ്വഹണം നടത്തേണ്ടതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി ആയതിന് പഞ്ചായത്തിന്റെ അംഗീകാരം വാങ്ങേണ്ടതും മെയിന്റനൻസ് പ്രവൃത്തികൾ ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം നിശ്ചയിച്ച് ഏറ്റെടുക്കേണ്ടതുമാണ്.

**1-23 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - ഗുണഭോക്തൃലിസ്റ്റിലില്ലാത്തവർക്ക് ധനസഹായം നൽകി**

പ്രോജക്ട് നം.31/2020-21

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

ചെലവ് - 600000 (ബിൽ നം.8/2020-21തീ.29.09.2020)

പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിന് തൻവർഷം എസ്.സി.പി.ഫണ്ടിൽ നിന്ന് ആറ് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 6 ഗുണഭോക്താക്കൾക്ക് 75000 രൂപ വീതമാണ് ധനസഹായം നൽകിയത്. ഇതിൽ തുക കൈപ്പറ്റിയ കമല മൂടിയൻചാൽ, സുമതി കെ.കെ കോളിയോട്ട് താഴെ (രക്ഷിതാക്കൾ) എന്നിവർ ഗുണഭോക്തൃ ലിസ്റ്റിലില്ല. പിന്നീട് ലിസ്റ്റിൽ ഉൾപ്പെടുത്തിയതായും കാണുന്നില്ല. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താവിന് ധനസഹായം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരിച്ച് വാങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച് വിവരം അറിയിക്കേണ്ടതാണ്. തിരിച്ച് കിട്ടാത്ത പക്ഷം ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

**1-24 പാലേരിപ്പള്ളി -വണ്ണാങ്കണ്ടി റോഡ്.-രേഖകൾ ലഭ്യമല്ല.**

| | |
|---|---|
| പ്രോ നം, പേര് | 174/2019-20, പാലേരിപ്പള്ളി – വണ്ണാങ്കണ്ടി റോഡ്. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 340000<br>(തനത് ഫണ്ട്) |
| ചെലവ് | 339641<br>(തനത് ഫണ്ട്) |
| ബിൽ നമ്പർ | 22000097/06.05.2021 |
| കൺവീനർ | സുധാകരൻ.കെ.കെ. |

2015-16 വർഷത്തിൽ എം.പി ഫണ്ടുപയോഗിച്ച് നിർമ്മിച്ച റോഡിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത 96 മീറ്റർ റോഡ് പ്രവൃത്തിയുടെ തുക നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 28.02.2020 ലെ സ.ഉ (സാധാ) നം- 511/2020/ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. 06.05.2021 ലെ 22000097 നമ്പർ വൗച്ചർമുഖേന തനത് ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചിട്ടുള്ളത്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും 19.03.2020 ലെ 5(1)/2020 നമ്പർ തീരുമാനത്തിൽ 2017-18 വർഷത്തിൽ പ്രോജക്ട് രൂപീകരിച്ചിരുന്നതായി വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് ഫയൽ, കൺവീനർ വർക്കിന്റെ യഥാർത്ഥ ചെലവുരേഖകൾ (ബില്ലുകൾ) എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ, പേരാമ്പ്ര എൽ.എസ്.ജി.ഡി സെക്ഷൻ തയ്യാറാക്കിയ വാല്യേഷന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ മേൽ വാല്യേഷൻ പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കരാറുകാരന്റെ വിഹിതം കിഴിച്ചുള്ളതാണോ എന്നത് വ്യക്തമല്ല. മേൽ അവ്യക്തതകൾ നിലനിൽക്കെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തി തുക നൽകിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ല്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-25 പൊതുമരാമത്ത്-അപാകതകൾ ആവർത്തിക്കുന്നു.

പൊതുമരാമത്ത് -പൊതു അപാകതകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും ആസൂത്രണത്തിലും നിലനിൽക്കുന്ന അപാകതകൾ ചൂണ്ടിക്കാണിക്കുകയും ആയവ പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശിച്ചിരുന്നില്ല. എന്നാൽ 2019-20, 2020-21 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും മുൻപ് ചൂണ്ടികാണിച്ച നിർവ്വഹണത്തിലെയും ആസൂത്രണത്തിലെയും അപാകതമൂലം ഫണ്ട് നഷ്ടപ്പെട്ടതും, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ പ്രശ്നങ്ങളും ഓഡിറ്റ് വർഷത്തിലും ആവർത്തിച്ചതായി കാണുന്നു. മറ്റ് ചില അപാകതകൾ ചുവടെ ചേർക്കുന്നു.

**<u>ടെണ്ടറുകൾക്ക് മത്സര സ്വഭാവമില്ല.</u>**

2019-20 വർഷത്തിലെ ആദ്യ ടെണ്ടർ നടന്നത് 10.10.2019 തിയ്യതിയിലാണ്. 41 പ്രവൃത്തികളുടെ ടെണ്ടറുകളാണ് 10.10.2019 നടത്തിയിട്ടുള്ളത്. ആയതിൽ ഒരു ടെണ്ടറിൽ പോലും രണ്ടിൽ കൂടുതൽ പേർ ടെണ്ടറിൽ പങ്കെടുത്തിട്ടില്ല. ഒരാൾ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ 1 മുതൽ 15 ശതമാനം വരെ വർദ്ധനവിലുമാണ് നിരക്ക് ക്വോട്ട് ചെയ്യുന്നത്. മിക്ക ടെണ്ടറിലും വർഷങ്ങളായി ആവർത്തിച്ചുവരുന്ന കൂട്ടുകെട്ടുകളുള്ളതായി കാണുന്നു. ഉദാ- കൊയിലാണ്ടി താലൂക്ക് ലേബർ കോൺട്രാക്റ്റേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി & മലനാട് ലേബർ കോൺട്രാക്റ്റേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ടോം കട്ടക്കയം & ലിജോ കട്ടക്കയം, ശ്രീനാഥ് എം.സി & ചന്ദ്രൻ എം.സി, ബിജു പരശ്ശേരി & സുരേഷ് കുരാറ, ശ്രീജിത്ത്.പി.കെ & അനഘ മോൾ.കെ.കെ എന്നിവ ആവർത്തിച്ചു വരുന്ന ജോഡികളാണെന്നത് ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. കൊയിലാണ്ടി താലൂക്ക് ലേബർ കോൺട്രാക്റ്റേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കരാർ ലഭിച്ച 15 ലധികം പദ്ധതികളിൽ കൂടെ ടെണ്ടർ സമർപ്പിച്ച മലനാട് ലേബർ കോൺട്രാക്റ്റേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 15 % എസ്റ്റിമേറ്റിൽ അധികരിച്ച നിരക്കാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് നിരക്കിൽ അധികരിച്ച നിരക്കുകൾ സ്വീകാര്യമല്ലെന്ന വസ്തുത നിലനിൽക്കെയാണ് മേൽ കരാറുകാർ 15% വരെ അധികരിച്ച നിരക്ക് ക്വോട്ട് ചെയ്യുന്നത്. മേൽ ഉദാഹരണങ്ങളിൽ നിന്നും കരാറുകാർക്കിടയിൽ ടെണ്ടറിന് മുൻപേ കരാർ സംബന്ധിച്ച് ധാരണയാകുന്നുണ്ടെന്നത് വ്യക്തമാണ്. 2020-21 വർഷത്തിലും സമാനമായ നീക്ക്പോക്ക് നടന്നിട്ടുണ്ടെന്നത് ടെണ്ടർ രജിസ്റ്ററിൽ നിന്നും വ്യക്തമാണ്. 11.11.2019 തിയ്യതിയിലെ ഇ-ടെണ്ടർ ചെയ്ത കുറ്റിയിൽമുക്ക്-മുണ്ടൂപാലം റോഡ് , കട്ടൻകോട് -കോളനി റോഡ് കോൺക്രീറ്റിംഗ് എന്നീ രണ്ട് പ്രവൃത്തികളിൽ യഥാക്രമം 5 മുതൽ 6 വരെ പേർ പങ്കെടുത്തിട്ടുണ്ട്. ആയതിൽ നിന്നും നോർമൽ ടെണ്ടർ നടപടികളേക്കാൾ ഇ-ടെണ്ടർ നടപടികൾ സ്ഥാപനത്തിന് ഗുണപരമാണെന്ന് കാണാം. എന്നാൽ ഓഡിറ്റ് വർഷങ്ങളിൽ 5 ലക്ഷം രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള ഒരൊറ്റ പദ്ധതി പോലും സ്ഥാപനം ഇ-ടെണ്ടർ ചെയ്തിട്ടില്ല. 05.11.2020 ലെ 3(1) നമ്പർ ഭരണസമിതി തീരമാന പ്രകാരം കരാറുകാർ PAC യേക്കാൾ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത കാരണത്താൽ പാമ്പൻകുനി-കെ.കെ.റോഡ്, തറവട്ടത്ത്-നരിമംഗലത്ത് എന്നീ റോഡ് പ്രവൃത്തികൾ റീ-ടെണ്ടർ ചെയ്യുകയുണ്ടായിട്ടുണ്ട്. ഇത് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുണ്ട്.

മേൽ അപാകതകൾ പദ്ധതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലും, പദ്ധതി നിർവ്വഹണ ചെലവ് ലാഭകരമാക്കുന്നതിലും ഗ്രാമപഞ്ചായത്തിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അപാകതകൾ

ആവർത്തിക്കാതിരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. 5 ലക്ഷത്തിൽ താഴെയുള്ള പദ്ധതികളും ഇ-ടെണ്ടറിന് വിധേയമാക്കേണ്ടതാണ്. ഇ-ടെണ്ടർ നടപടിയിലൂടെ ടെണ്ടറുകളിൽ മത്സര സ്വഭാവം കടന്ന് വരുന്നതിനും ടെണ്ടർ പരസ്യം ഉൾപ്പെടെയുള്ള ചിലവുകൾ കുറക്കുന്നതിന് സഹായകമാകുകയും ചെയ്യും. എസ്റ്റിമേറ്റിൽ അധികരിച്ച നിരക്കുകൾ നിയമപരമായി സ്വീകാര്യമല്ലാത്തതിനാൽ പ്രസ്തുത കാര്യം ടെണ്ടർ പരസ്യത്തിൽ വ്യവസ്ഥ ചെയ്യുന്നത് ഉചിതമാവും.

മറ്റ് പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

**<u>പൂർത്തീകരണ കാലം നിശ്ചയിക്കുന്നതിൽ ഏകീകൃത മാനദണ്ഡമില്ല.</u>**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകുന്ന സാങ്കേതികാനുമതിയിൽ പരാമർശിക്കുന്ന പ്രവൃത്തിപൂർത്തീകരണ കാലത്തെ ആധാരമാക്കിയാണ് കരാറുകൾ ചമക്കപ്പെടുന്നത്. എന്നാൽ ഇത്തരത്തിൽ പൂർത്തീകരണ കാലം നിശ്ചയിക്കുന്നതിൽ ടി.എസ് നൽകുന്ന അതോറിറ്റി ഏതെങ്കിലും തരത്തിലുള്ള മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നില്ലെന്നത് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട. ഒരേ ഇനങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികളിൽ പോലും ഏകീകൃതമായി പൂർത്തീകരണ കാലം നിശ്ചയിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. കട്ടൻകോട് കോളനി റോഡ് കോൺക്രീറ്റിംഗ്- ആകെ നീളം- 158 മീറ്റർ- ടി.എസ് പ്രകാരമുള്ള പൂർത്തീകരണ കാലം- 6 മാസം.
2. വള്ളിപ്പറ്റ ഹർഷൻ റോഡ് കോൺക്രീറ്റിംഗ്- ആകെ നീളം- 64 മീറ്റർ- ടി.എസ് പ്രകാരമുള്ള പൂർത്തീകരണ കാലം- 8 മാസം.
3. പനയുള്ള കണ്ടി ആയോളികുന്ന് റോഡ് സൈഡ് കോൺക്രീറ്റ് (70 സെ.മീ വീതിയിൽ) – ആകെ നീളം - 35 മീറ്റർ- ടി.എസ് പ്രകാരമുള്ള പൂർത്തീകരണ കാലം- 9 മാസം.

**<u>സൈറ്റ് സന്ദർശിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.</u>**

സൈറ്റിലെ യഥാർത്ഥ അവസ്ഥ പരിശോധിക്കാതെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് മൂലം പദ്ധതികൾ നിർവ്വഹണ ഘട്ടത്തിൽ പുതുക്കേണ്ടി വരുന്ന സാഹചര്യം സംജാതമാകുന്നു. ഇത് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമാവുന്നുണ്ട്. ഖണ്ഡിക 1-22 കാണുക.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**<u>1-26 മാലിന്യം കയറ്റിയയക്കൽ കൃത്യമായ കണക്കില്ല</u>**

നിർവഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

പ്രോജക്ട് നമ്പർ :254/21

പ്രോജക്ട് : മാലിന്യം കയറ്റിയയക്കൽ

2020-21 വർഷത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി മാലിന്യം കയറ്റിയയക്കൽഎന്ന പ്രോജക്ടിലായി 255,580 കി.ഗ്രാം മാലിന്യം കയറ്റിയയച്ചതിന് കി.ഗ്രാമിന് 7.5 രൂപ നിരക്കിൽ 19,16,850/- രൂപ നിറവ്, സീറോ വേസ്റ്റ് മാനേജ്മെന്റ്, വേങ്ങേരി, കോഴിക്കോട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അളവ് | ബിൽ നമ്പർ/ചെക്ക് നമ്പർ | തുക |
|---|---|---|---|
| 1 | 111900 കി.ഗ്രാം | 1329406/22-06-2020 | 839,250 |
| | | | |

| | അളവ് | ബിൽ നമ്പർ/ചെക്ക് നമ്പർ | തുക |
|---|---|---|---|
| 2 | 88750 കി.ഗ്രാം | 13/09-09-2020 | 665,625 |
| 3 | 54930കി.ഗ്രാം | 24/14-10-2020 | 411,975 |

മേൽ പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

മേൽ കാണിച്ചതിൻ പ്രകാരം നിറവിന് തുക നൽകിയത് വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ സാക്ഷ്യപത്രത്തിൽ " .......... ലോഡ് അജൈവ പാഴ്വസ്തുക്കൾ ....... വാർഡിൽ നിന്ന് കയറ്റി അയച്ചിട്ടുണ്ട്" എന്നു മാത്രമാണുള്ളത്. സാക്ഷ്യപത്രത്തിൽ എന്നാണ് കയറ്റി അയച്ചതെന്ന തിയ്യതിയില്ല. ഏത് നമ്പർ വണ്ടിയിലാണ് കയറ്റിയയച്ചതെന്നില്ല. എത്ര ടൺ വണ്ടിയിലാണ് കയറ്റിയയച്ചതെന്നില്ല. ഇത്തരം കാര്യങ്ങളിൽ സാങ്കേതിക പരിജ്ഞാനമുള്ള വർക്കിംഗ് ഗ്രൂപ്പ് കൺവീനറായ ഓവർസിയറുടെ പങ്കാളിത്തം ഉണ്ടായിട്ടില്ല. കുടിവെള്ളം, ശുചിത്വം മുതലായവ വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത പ്രോജക്ട് മോണിട്ടറിംഗ് ചെയ്തിട്ടില്ല.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. 1916850/- രൂപ തടസ്സത്തിൽ വെക്കുന്നു. മോണിട്ടറിംഗ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-27 ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭാ അംഗീകാരമില്ല**

നിർവഹണ ഉദ്യോഗസ്ഥൻ : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നമ്പർ :286/21

പ്രോജക്ട് : പാലിന് ഇൻസെന്റീവ് (വനിത)

ബിൽ നമ്പർ : 16/30-03-2021

തുക : 300,000/-

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2020-21ൽ മേൽ പ്രൊജക്ട് പ്രകാരം 289 ഗുണഭോക്താക്കൾക്ക് 300,000/ രൂപ പാലിന് ഇൻസെന്റീവായി നല്കിയിട്ടുണ്ട്. മേൽ പ്രോജക്റ്റിന് 18-1-2021 സ്റ്റാൻറ്റിംഗ് കമ്മറ്റിയും 22-01-2021ന് ഭരണസമിതിയും അംഗീകാരം നൽകിയിട്ടുണ്ട്. മറ്റു പ്രോജക്ടുകളിൽ നിന്നും മിച്ചം ലഭിച്ച ഫണ്ടുകൾ ഉപയോഗിച്ച്, സാമ്പത്തിക വർഷം അവസാനിക്കാൻ രണ്ടുമാസം അവശേഷിക്കേ (വെറ്റിംഗ് ലഭിച്ചത് 30-01-21) പ്രോജക്റ്റ് തയ്യാറാക്കിയതിനാൽ ഗുണഭോക്താക്കൾക്ക് ഗ്രാമസഭാ അംഗീകാരം വാങ്ങാതെ, അടുത്ത ഗ്രാമസഭയിൽ നിന്നും ഗുണഭോക്തൃ ലിസ്റ്റിന് സാധൂകരണം വാങ്ങാമെന്ന നിബന്ധനയിൽ പ്രോജക്ട് നടപ്പിലാക്കുകയാണുണ്ടായത്. പ്രോജക്ട് നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

**എ) ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ വെച്ചില്ല**

ഗ്രാമസഭയിൽ നിന്നും അംഗീകാരം ലഭിക്കാത്ത ഗുണഭോക്തൃ ലിസ്റ്റ്, അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കിയെങ്കിലും അടുത്ത ഗ്രാമസഭയിൽ നിന്നും ഗുണഭോക്തൃ ലിസ്റ്റിന് സാധൂകരണം വാങ്ങേണ്ടതായിരുന്നു. ഗുണഭോക്തൃ ലിസ്റ്റ് ഭരണസമിതി അംഗീകാരം നൽകിയ 22-01-2021ന് ശേഷം നടന്ന 19 വാർഡുകളിലേയും ഗ്രാമസഭ ഒരു തവണയാണ് യോഗം ചേർന്നത്. അവയിൽ ഒന്നിൽ പോലും ആനുകൂല്യം ലഭിച്ച 289 ഗുണഭോക്താക്കളുടെ ലിസ്റ്റിന് സാധൂകരണം ലഭിച്ചിട്ടില്ല.

**ബി) പ്രൊജക്ട് രൂപീകരണം സമഗ്രമല്ല**

തൻവർഷം പ്രോജക്ട് നമ്പർ 184/21 ആയി പാലിന് ഇൻസെന്റീവ് എന്ന പ്രോജക്ടിന് 18-1-2021 സ്റ്റാൻറ്റിംഗ് കമ്മറ്റിയും 22-01-2021ന് ഭരണസമിതിയും അംഗീകാരം നൽകി നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രോജക്ടിലേക്ക്, മറ്റു പ്രോജക്ടുകളിൽ നിന്ന് മിച്ചമായ ഫണ്ടു ലഭിച്ചതു കൊണ്ട് നടപ്പിലായ പ്രോജക്ട്

നമ്പർ 286/21 ലെ ഗുണഭോക്താക്കളെ പരിഗണിക്കുകയുണ്ടായിട്ടില്ല. പഞ്ചായത്തിലെ ക്ഷീര സഹകരണ സംഘങ്ങളിൽ പാലളക്കുന്ന മുഴുവൻ ക്ഷീര കർഷകരേയും ഉൾപ്പെടുത്തിയാണ് പാലിന് ഇൻസെന്റീവ് നൽകുന്ന പ്രൊജക്ട് നടപ്പിലാക്കേണ്ടത്. പഞ്ചായത്തിലെ അർഹരായ മുഴുവൻ ഗുണഭോക്താക്കളേയും പരിഗണിക്കാതെയാണ് പ്രോജക്ട് രൂപീകരിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. 300,000/- രൂപ തടസ്സത്തിൽ വെക്കുന്നു. ഗുണഭോക്താക്കളുടെ ലിസ്റ്റിന് ഗ്രാമസഭയിൽ നിന്നും സാധൂകരണം ലഭിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 മരുന്ന്, ഉപകരണങ്ങൾ ലഭ്യമായില്ല

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

1)പ്രോജക്ട് നമ്പർ :/21

പ്രോജക്ട് : പി എച്ഛ് സി മരുന്ന വാങ്ങൽ

2)പ്രോജക്ട് നമ്പർ : 140/21

പ്രോജക്ട് : പാലിയേറ്റീവ് ഹോം കെയർ മരുന്ന ഉപകരണങ്ങൾ വാങ്ങൽ

2020-21 വർഷത്തിൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി ഔഷധങ്ങൾ വാങ്ങുന്ന ആവശ്യത്തിലേക്കായി പ്രോജക്ട് നമ്പർ 21 പ്രകാരവും, പ്രോജക്ട് നം-140/21 പ്രകാരവും പദ്ധതികൾ ആസൂത്രണം ചെയ്ത് നിർവ്വഹണം നടത്തിയിട്ടുണ്ട്. ഇതിനായി രണ്ടു പ്രോജക്ടുകളിലായി 450,000/- രൂപ മരുന്നുകൾക്കും 80,000/- രൂപ ഉപകരണങ്ങൾക്കുമായി കെ.എം.എസ്.സി.എൽ -ന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ടിന്റെ വിശദാംശം | ബിൽ നമ്പർ | തുക |
|---|---|---|---|
| 1 | /21, പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ | 27/14-11-2020 | 350,000 |
| 2 | 140/21, പാലിയേറ്റീവ് ഹോം കെയർ മരുന്ന വാങ്ങൽ | 39/30-03-2021 | 100,000 |
| 3 | 140/21, പാലിയേറ്റീവ് ഹോം കെയർ ഉപകരണങ്ങൾ വാങ്ങൽ | 35/10-02-2021 | 80,000 |

എന്നാൽ ഇങ്ങനെ തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും കെ.എം.എസ്.സി.എൽ നിന്നും മരുന്നുകളും ഉപകരണങ്ങളും സ്ഥാപനത്തിന് ലഭ്യമായിട്ടില്ല. 4.02.2018 തീയതിയിലെ സ.ഉ. (എം.എസ്) നമ്പർ 22/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പഞ്ചായത്തീരാജ്/ നഗരപാലിക സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.5.3 ൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹോംകോ, കെ.എം.എസ്.സി.എൽ എന്നീ സ്ഥാപനങ്ങളിൽ നിന്നാണെന്ന് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ച് മേൽ സ്ഥാപനങ്ങൾക്ക് പർച്ചേസ് ഓർഡർ നൽകുന്ന ആരോഗ്യ സ്ഥാപനങ്ങൾക്ക് യഥാ സമയം മരുന്നുകൾ ലഭ്യമാക്കുന്നതിൽ മേൽ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നത് ആരോഗ്യ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്നു. പർച്ചേസ് ഓർഡർ നൽകുന്ന മരുന്നുകൾ സമയബന്ധിതമായി ലഭിക്കാത്തത് മൂലം സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ താഴെ പറയുന്ന അപാകതകളുണ്ടാകുന്നു.

1. സാമ്പത്തിക വർഷാരംഭത്തിൽ സ്റ്റോക്ക് തിട്ടപ്പെടുത്തി തൻവർഷം വാങ്ങേണ്ട മരുന്നുകളുടെ ഇന്റന്റ് കൃത്യതയോടെ തയ്യാറാക്കുന്നതിന് സ്ഥാപനത്തിന് സാധിക്കുന്നില്ല. മരുന്നുകളുടെ മുൻബാക്കി ലഭിക്കുന്നതിലെ അനിശ്ചിതത്വമാണ് അപാകതക്ക് കാരണമാകുന്നത്.
2. അടിയന്തിരമായി ലഭ്യമാക്കേണ്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന് സ്ഥാപനത്തിന് കഴിയാതെ വരുന്നു. ഉദാ: പെയിൻ & പാലിയേറ്റീവ് പദ്ധതി പ്രകാരമുള്ള 100000 രൂപയുടെ പർച്ചേസ് ഓർഡറിൽ ഉൾപ്പെട്ട മരുന്നുകൾ ഓഡിറ്റ് തീയതി വരെയും സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. കാലതാമസം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായിട്ടുണ്ട്.

മാർഗ്ഗരേഖയിലെ ഖണ്ഡിക 7.5.4 ൽ കെ.എം.എസ്.സി.എൽ ന് ഇൻഡന്റ് നൽകി 2 മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ അടിയന്തിര സാഹചര്യം മറികടക്കുന്നതിന് കാരുണ്യ/ നീതി/ജൻ ഔഷധി എന്നിവിടങ്ങളിൽ നിന്നും മരുന്ന് വാങ്ങാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മേൽ മാർഗ്ഗം പരിഗണിക്കുകയുണ്ടായില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ മരുന്നുകൾ ഓഡിറ്റ് തീയതി വരെയും സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല എന്ന് അറിയിച്ചു. 4,50,000/-രൂപ തടസ്സത്തിൽ വെക്കുന്നു. മരുന്നു ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 MGNREGS- പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം ചെയ്യുന്നത് നിർദ്ദേശാനുസരണമല്ല

എം ജി എൻ ആർ ഇ ജി എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ മെറ്റീരിയൽ പ്രവൃത്തികൾക്കായി താഴെ പറയും പ്രകാരം തുക വിനിയോഗിച്ചിട്ടുണ്ട്.

| | |
|---|---|
| 2019-20 | 8263203 |
| 2020-21 | 2693063 |

പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തികളുടെ ടെണ്ടർ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും ബോധ്യപ്പെട്ടിട്ടുണ്ട് . മൊത്തം പ്രവൃത്തികൾ വിലയിരുത്തിയതിൽ ശരാശരി 5 കരാറുകാർ എല്ലാ പ്രവൃത്തികളും താഴെ കൊടുത്ത പ്രകാരം വീതം വച്ചെടുത്തതായി കാണുന്നു

| ക്രമ നം | കരാറുകാരൻ | പ്രവൃത്തികളുടെ എണ്ണം | |
|---|---|---|---|
| | | 2019-20 | 2020-21 |
| 1 | സദാനന്ദൻ | 4 | 12 |
| 2 | അബ്ദുൾ റഹ്മാൻ | 2 | 5 |
| 3 | പന്തീരിക്കര കോ ഓപ് റൂറൽ ഹൗസിംഗ് സൊസൈറ്റി | 6 | 0 |
| 4 | ഹമീദ് യു പി | 13 | 2 |
| 5 | ശ്രീജിത്ത് പി കെ | 4 | 22 |
| 6 | നവനിർമ്മിതി | 3 | 14 |
| 7 | ബിജു പാറശ്ശേരി | 2 | 0 |
| | | | |

| | | | |
|---|---|---|---|
| 8 | ജിജോ ജോസഫ് | 0 | 2 |

മേല്പറഞ്ഞതിൽ നിന്നും മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ചു കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞെടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ഉത്തമസാമ്പത്തിക താല്പര്യത്തോടെയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ച് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതിന് വിശദീകരണം നല്കേണ്ടതാണ്.

**<u>മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ വിതരണം ചെയ്തത്-അളവുകൾ രേഖപ്പെടുത്തുന്നില്ല.</u>**

ഓഡിറ്റ് വർഷത്തിൽ മേല്പറഞ്ഞ പ്രകാരം മെറ്റീരിയൽ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. ഇതിൽ ചെലവിന്റെ 80 ശതമാനവും സാധനങ്ങളുടെ വിലയാണ്. എന്നാൽ സാധനങ്ങളുടെ അളവെടുത്ത് അളവു പുസ്തകത്തിൽ രേഖപ്പെടുത്താതെയാണ് ഇവയ്ക്ക് തുക നല്കിയിരിക്കുന്നത്. മറ്റ് മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ ചെയ്യുന്നതു പോലെ നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ അളവിന്റെ അടിസ്ഥാനത്തിലാണ് മെറ്റീരിയലിന്റെ അളവ് കണക്കാക്കിയത്. മേൽ പ്രവൃത്തികളുടെ കാര്യത്തിൽ മെറ്റീരിയൽ വിതരണം ചെയ്യുന്നത് വില്പനയാൾ (വെൻഡർ) ആയതിനാൽ അവരിൽ നിന്നും സ്വീകരിക്കുന്ന സാധനങ്ങളുടെ അളവ് രേഖപ്പെടുത്തി മാത്രമേ തുക നൽകാവൂ.ഇത് പാലിക്കാതെ തുക ചെലവഴിച്ചതിനാൽ ചെലവിന് അനുസൃതമായി മെറ്റീരിയൽ ലഭിച്ചോയെന്നതിൽ വ്യക്തതയില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ധലസഹായം നൽകി

പ്രോജക്ട് നം.31/2020-21

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

ചെലവ് - 600000 (ബിൽ നം.8/2020-21തീ.29.09.2020)

പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിന് തൻവർഷം എസ്.സി.പി.ഫണ്ടിൽ നിന്ന് ആറ് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 6 ഗുണഭോക്താക്കൾക്ക് 75000 രൂപ വീതമാണ് ധനസഹായം നൽകിയത്. ഇതിൽ തുക കൈപ്പറ്റിയ കമല മുടിയൻചാൽ, സുമതി കെ.കെ കോളിയോട്ട് താഴെ (രക്ഷിതാക്കൾ) എന്നിവർ ഗുണഭോക്തൃ ലിസ്റ്റിലില്ല. പിന്നീട് ലിസ്റ്റിൽ ഉൾപ്പെടുത്തിയതായും കാണുന്നില്ല. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താവിന് ധനസഹായം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരിച്ച് വാങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച് വിവരം അറിയിക്കേണ്ടതാണ്. തിരിച്ച് കിട്ടാത്ത പക്ഷം ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 15.11.2021 മുതൽ 26.11.2021 വരെ | ഈ റിപ്പോർട്ടിനൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 400000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 210000 | 190000 |
| | 2020-21 | 2000000 | ലൈഫ് പദ്ധതി (ജനറൽ) | 0 | 2000000 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 15020 | എല്ലാരും പാടത്തേക്ക് | 0 | 15020 |
| | 2020-21 | 300000 | ലൈഫ് പദ്ധതി (പട്ടികജാതി) | - | 300000 |
| | 2020-21 | 1200899 | മിൽക്ക് ഇൻസെന്റീവ് | 1200899 | 0 |
| | 2020-21 | 400000 | ലൈഫ് പദ്ധതി (പട്ടികവർഗം) | 0 | 400000 |
| | 2020-21 | 93750 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 49665 | 44085 |
| ജില്ലാപഞ്ചായത്ത് | 2020-21 | 400000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 400000 | - |
| | 2020-21 | 4000000 | ലൈഫ് പദ്ധതി (ജനറൽ) | 2000000 | 2000000 |
| | 2020-21 | 5000000 | ലൈഫ് പദ്ധതി (പട്ടികജാതി) | 680000 | 4320000 |
| | 2020-21 | 200000 | മിൽക്ക് ഇൻസെന്റീവ് | 179459 | 0 |
| | 2020-21 | 120000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 120000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| പ്രവൃത്തിയുടെ പേര് | തുക | വർഷം | നിക്ഷേപിച്ച ഏജൻസി | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| മദ്രസ വലിയപറമ്പിൽ ഭാഗം പൈപ്പ്ലൈൻ നീട്ടൽ | 500000 | 2020-21 | കെ.ഡബ്ല്യൂ.എ | 500000 | പൂർത്തിയാക്കിയില്ല |
| മദ്രസ വലിയപറമ്പിൽ ഭാഗം പൈപ്പ്ലൈൻ നീട്ടൽ | 230000 | 2020-21 | കെ.ഡബ്ല്യൂ.എ | 230000 | പൂർത്തിയാക്കിയില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ

സമിതികൾക്ക് തുകയൊന്നും നല്കിയിട്ടില്ല.

**4-5 വായ്പ**

ഓഡിറ്റ് വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | ജി ഒ 322/2010/തസ്വ ഭവ തി.29.01.2010 | | 1269033 | 1269033 | | 0 |
| ലൈഫ് ഭവനപദ്ധതി | | | 30600000 | 2458274 | 0 | 28141726 |

**4-6 സ്ഥിര നിക്ഷേപം**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000 |
| തൻവർഷം നിക്ഷേപിച്ച തുക | 50,00,000 |
| ആകെ | 50,10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 50,10,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇ എം എസ് മെമ്മോറിയൽ കോ.ഓപ്പ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ പേരാമ്പ്ര, ഷെയർ സർട്ടിഫിക്കറ്റ് നം.1426, 26.08.2004 | 10,000 |
| സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക് -ചങ്ങരോത്ത്- നം-2009866 മുതൽ 2009875 വരെ | 50,00,000 |
| ആകെ | 50,10,000 |

**4-7 4-7 ഓഡിറ്റ് റിക്കവറി**

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | 43 | 2003-04 | പൊതുപരാമർശം | മൺപാത്ര നിർമ്മാണം തുടങ്ങിയതിന് രേഖകളില്ല. |
| 1998-99 | 44 | -Do- | -ടി- | പായ,കൊട്ട, മുറം നിർമ്മാണ യൂനിറ്റ് തുടങ്ങിയതിന് രേഖകളില്ല. |
| 2000-01 | | 2004-05 | -ടി- | നികുതി പിരിവിൽ അലംഭാവം |
| 2001-02 | 2(1) A,B 2(2),2(3),2(4), 2(5), 2(12) | 2006-07 | -ടി- | മണൽ വില്പന റിവർ മാനേജ്മെന്റ് ഫണ്ട് അടവാക്കുന്നില്ല. |
| | 4.2.8 | 2014-15 (പ്രവർത്തന ക്ഷമതാ റിപ്പോർട്ട്) | | ആർ.എം.എഫ്. ൽ ഒടുക്കിയ തുക കുറവ് |
| | 5.71 | | | മൃഗസംരക്ഷണം നീക്കി വെയ്ക്കുന്ന തുകകൾ പരിമിതം |
| | 5.7.3 | | | മൃഗസംരക്ഷണ പദ്ധതി നാമമാത്രം, പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മ |
| | 5-7.12 | | | കർഷകർക്ക് പരിശീലനം നൽകിയില്ല, ഗോരക്ഷാ ക്യാമ്പ് നടത്തിയില്ല, സംസ്ഥാന വിഹിതം ലഭ്യമാക്കാത്തതിലെ കാലതാമസം, കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല |
| 2015-16 | അനുബന്ധം -5 | 2016-17 | | തൊഴിൽ നികുതി അപാകതകൾ |

**4-9 ചാർജ്/ സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,64,52,736 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,26,86,091 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| | |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,66,850 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 75000 | ശ്രീ.സുജീഷ്.പി.കെ<br>അസിസ്റ്റന്റ് സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 19,16,850 | ശ്രീ.ബിനോയ് ബാലകൃഷ്ണൻ,<br>വി.ഇ.ഒ |
| 1-27 | 3,00,000 | ശ്രീ.മുഹമ്മദ് നവാസ്,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-28 | 4,50,000 | ഡോ.ബിജേഷ് ഭാസ്കർ,<br>മെഡിക്കൽ ഓഫീസർ,<br>കൂരാച്ചുണ്ട് എഫ്.എച്ച്.സി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ബിജേഷ് ഭാസ്കർ,<br>മെഡിക്കൽ ഓഫീസർ,<br>കൂരാച്ചുണ്ട് എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>കൂരാച്ചുണ്ട് എഫ്.എച്ച്.സി | ചാത്തോത്ത് പറമ്പിൽ,<br>പേരാമ്പ്ര പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1993-94 | കെ.എസ്.എ.കെ.കെ.ഡി.പി7/ 877/19(1) തീ.08.02.2021 | 1 | 20 |
| 1996-97 | കെ.എസ്.എ.കെ.കെ.ഡി.പി7/ 877/19(2)തീ.08.02.2021 | 4 | 25(1), 29, 30(1), 30(2) |
| 1997-98 | കെ.എസ്.എ.കെ.കെ.ഡി.പി7/ 877/19(3)തീ.08.02.2021 | 1 | 33 |
| 1998-99 | കെ.എസ്.എ.കെ.കെ.ഡി.പി4/ 534/18(4)തീ.5.6.2018 | 3 | 39,43,44 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി.പി7/ 877/19(5)തീ.08.02.21 | 1 | 36 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി7/ 877/19(5)തീ.08.02.21 | 2 | 3,7 |
| 2001-02 പ്ലാൻ | എൽഎഫ് കെകെഡി പി2/ 832/03 തി 11.11.05 | 5 | 6,8,9,10,11 |
| 2002-03 | എൽഎഫ് കെകെഡി പി7/ 877/19 തി 08.02.21 | 8 | 3-2, 3-3, 3-4, 3-5, 3-6,<br>3-7, 3-8,<br>3-14 |
| 2003-04 | എൽഎഫ് കെകെഡി പി7/ 877/19 തി 08.02.21 | 22 | 2-1, (4,5,6,8) 2-2, 2-4,<br>2-5, 2-6, 2-7, 2-8, 3-1,<br>3-2, 3-5, 3-6, 3-9, 3-10, 3-11, 3-13, 3-16,<br>3-17, 3-18, 3-19 |
| 2004-05 | എൽഎഫ് കെകെഡി പി7/ 877/19(9) തി 08.02.21 | 8 | 2-1, 2-2, 2-3, 3-2, 3-3,<br>3-5, 3-6, 4-4 |

| | | | |
|---|---|---|---|
| 2005-06 | എൽഎഫ് കെകെഡി പി4/ 837/09 തി 4.8.09 | 15 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2006--07 | എൽഎഫ് കെകെഡി പി4/ 1157/11 തി 20.1.12 | 31 | 2-1, 2-2, 2-3, 2-5, 2-6, 2-7, 2-8, 2-9, 3-3, 3-5, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30 |
| 2007-08 | എൽഎഫ് കെകെഡി പി4/ 1158/11 തി 3.2.12 | 26 | 2-5,2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12,3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-23, 3-24, 3-25 |
| 2008-09 | എൽഎഫ്.കെകെഡിപി4/ 1935/12 തി 25.1.13 | 21 | 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11(1), (2), 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19 |
| 2009-10 | എൽഎഫ്.കെകെഡിപി4/ 1940/12 തി 28.1.13 | 20 | 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2010-11, 2011-12 | എൽഎഫ്.കെകെഡിപി4/ 2200/14 തി 2.5.15 | 21 | 2-1, 2-2(2), 2-2(3), 2-2(4), 2-3, 3-2, 3-6(1),3-6(2),3-7, 3-8, 3-9, 3-10, 3-12, 3-14, 3-15, 3-18, 3-19, 3-21, 3-22, |

| | | | |
|---|---|---|---|
| | | | 3-23,<br>3-25 |
| 2012-13 | കെ എസ് എ കെ കെ ഡി/പി4/ 210/14 29.10.15 | 27 | 1-2, 1-3, 1-4, 2-2ബി,<br>2-4(2), 2-4(4),<br>2-6(2) , 2-6(4),<br>2-6(5), 2-7, 3-1, 3-2, 3-3, 3-5, 3-6,<br>3-8, 3-10,<br>3-11, 3-12, 3-13, 3-14, 3-15, 3-16, 3-18,<br>3-19,<br>4-1(1), 4-1(2) |
| 2013-14, 2014-15 | കെ എസ് എ കെ കെ ഡി/പി4/ 1387/ 16 | 10 | 3-1, 3-2, 3-3, 3-5, 3-6, 3-7, 3-11, 3-12, 3-13, 3-15 |
| 2015-16 | *കെ എസ് എ കെ.കെ.ഡി/പി 4/ 2098/2016 തീ.5.5.17* | 18 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10,<br>3-11, 3-12, 3-13 |
| 2016-17 | കെ എസ് എ കെ.കെ.ഡി/പി 4/ 529/18 തീ. 03.04.2018 | 20 | 2-1(3), 2-2,<br>(1,2,3,4,5),<br>2-3, 3-1, 3-3, 3-4,3-5,<br>3-7, 3-8, 3-11, 3-12(1),(2),<br>3-13, 3-14, 3-15, 3-16 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി.പി.7/ 1309/2020തീ.29.01.2021 | 19 | 2-1, 2-2, 2-3, 2-4, 2-5,<br>2-6, 3-1,<br>3-2, 3-3, 3-4, 3-5, 3-6,<br>3-7,3-8,3-9,<br>3-10, 3-11, 3-12, 3-13 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി.പി.7/ 1746/2019 തീ 15.11.2019 | 26 | 1-1 മുതൽ<br>1-26 വരെ |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്